بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 5

വാർഷിക വരിസംഖ്യ 500 രൂപ

ലക്കം 17

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഏപ്രിൽ 23/ഹി.ശം. 1399 ശഹാദത്ത് 23/1441 ശഅ്ബാൻ 29

## അല്ലാഹുവിന്റെ വചനം

رَبَّنَاۤ اِنَّکَ مَنۡ تُدۡخِلِ النَّارَ فَقَدۡ اَخۡزَیۡتَہٗ ؕ وَمَا لِلظّٰلِمِیۡنَ مِنۡ اَنۡصَارٍ ○ (آل عمران:193)

'ഞങ്ങളുടെ നാഥാ! നീ ആരെയെങ്കിലും നരകത്തിൽ പ്രവേശിപ്പിക്കുന്നതായാൽ നീ അവനെ തീർച്ചയായും നിന്ദ്യനാക്കിക്കഴിഞ്ഞു. അക്രമികൾക്ക് സഹായികളാരും ഇല്ലതന്നെ.' (3:193)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**മാ കാനല്ലാഹു മുഅദ്ദിബഹും വഹും യസ്തഗ്ഫിറൂൻ** (വിശുദ്ധ ഖുർആൻ 8:34)
(അവർ പാപമോചനത്തിന് പ്രാർഥിക്കുന്ന അവസരത്തിലും അല്ലാഹു അവരെ ശിക്ഷിക്കുന്നവനല്ല)

അതുകൊണ്ട് ദൈവശിക്ഷയിൽനിന്ന് സുരക്ഷിതരായിരിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ അധികമായി ഇസ്തിഗ്ഫാർ ചൊല്ലുക.

ഞാൻ നിങ്ങൾക്കു മനസ്സിലാക്കിത്തരാൻ ആഗ്രഹിക്കുകയാണ്, ദുരന്തങ്ങൾ ഇറങ്ങുന്നതിനു മുമ്പേ ദുആ ചെയ്യുന്നവരുടേയും ഇസ്തിഗ്ഫാർ ചെയ്യുന്നവരുടേയും സ്വദഖകൾ കൊടുക്കുന്നവരുടേയും മേൽ അല്ലാഹു കരുണ ചൊരിയുകയും ദൈവശിക്ഷിൽനിന്ന് അവരെ രക്ഷിക്കുകയും ചെയ്യുന്നു.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ദൈവശിക്ഷയിൽനിന്നും കഠിനതരമായ വിപത്തുകളിൽനിന്നും രക്ഷപ്പെടാൻ ഇസ്തിഗ്ഫാർ പരിചയെന്നോണം പ്രയോജനപ്പെടുന്നു.

"പ്ലേഗുരോഗംതന്നെ കഠിനമായ വിപത്താണ്. രണ്ടാമത് വ്യവസ്ഥകളാണെങ്കിൽ അതിനെക്കാൾ കഠിനതരമാണ്. രണ്ടാമത്തെ വിപത്തും രോഗത്തെക്കാൾ കഠിനതരമാണ്. സ്ത്രീകളാണെങ്കിലും കുട്ടികളാണെങ്കിലും വേർപ്പെടുത്തപ്പെടുന്നു. വീടു കാലിയാക്കാൻ കല്പന നല്കപ്പെടുന്നു. ഈ രോഗവും ഇതിന്റെ വ്യവസ്ഥകളും ചിന്തിച്ച് എന്റെ മനസ്സിൽ ഒരു വേദനയുണ്ടായി. ഞാൻ തഹജ്ജുദിൽ അതു സംബന്ധമായി ദുആ ചെയ്തപ്പോൾ ഇൽഹാമുണ്ടായി, *'ഇന്നല്ലാഹ ലാ യുഗയ്യിറു മാ ബി ഖൗമിൻ യുഗയ്യിറൂ മാ ബിഅൻഫുസിഹിം'*(ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് അവർ സ്വയം മാറ്റം വരുത്തുന്നതുവരെ അവരുടെ സ്ഥിതിക്ക് അല്ലാഹു മാറ്റം വരുത്തുന്നതല്ല.) (13:12) ഇപ്പോൾ വിചാരിക്കുന്നത് *"കോൺ കഹ് സക്താ ഹെ ഹേ! ബിജ്‌ലി ആസ്മാൻ സെ മത്ത് ഗിർ"* (ആകാശത്തുനിന്ന് മിന്നൽ വീഴരുതെന്ന് ആർക്കാണ് പറയാൻ കഴിയുക)എന്നുണ്ടായ ഇൽഹാം ഒരു പക്ഷേ, അതു സംബന്ധിച്ചായിരിക്കുമെന്നാണ്.

ഞാൻ നിങ്ങൾക്കു മനസ്സിലാക്കിത്തരാൻ ആഗ്രഹിക്കുകയാണ്, ദുരന്തങ്ങൾ ഇറങ്ങുന്നതിനു മുമ്പേ ദുആ ചെയ്യുന്നവരുടേയും ഇസ്തിഗ്ഫാർ ചെയ്യുന്നവരുടേയും സ്വദഖകൾ കൊടുക്കുന്നവരുടേയും മേൽ അല്ലാഹു കരുണ ചൊരിയുകയും ദൈവശിക്ഷിൽനിന്ന് അവരെ രക്ഷിക്കുകയും ചെയ്യുന്നു. ഞാൻ പറയുന്ന ഇക്കാര്യങ്ങൾ കഥപോലെ കേൾക്കരുത്. ഞാൻ അല്ലാഹുവിനുവേണ്ടി സദുപദേശമെന്ന നിലയിൽ പറയുകയാണ്, നിങ്ങളുടെ അവസ്ഥകളെ കുറിച്ച് ചിന്തിക്കുക. നിങ്ങളോടും നിങ്ങളുടെ സുഹൃത്തുക്കളോടും ദുആയിൽ മുഴുകാൻ പറയുക. ദൈവശിക്ഷിൽനിന്നും കഠിനതരമായ വിപത്തുകളിൽനിന്നും രക്ഷപ്പെടാൻ ഇസ്തിഗ്ഫാർ പരിചയെന്നോണം പ്രയോജനപ്പെടുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: *മാ കാനല്ലാഹു മുഅദ്ദിബഹും വഹും യസ്തഗ്ഫിറൂൻ*(8:34)(അവർ പാപമോചനത്തിന് പ്രാർഥിക്കുന്ന അവസരത്തിലും അല്ലാഹു അവരെ ശിക്ഷിക്കുന്നവനല്ല)അതുകൊണ്ട് ദൈവശിക്ഷയിൽനിന്ന് സുരക്ഷിതരായിരിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ അധികമായി ഇസ്തിഗ്ഫാർ ചൊല്ലുക.

രോഗത്തിന്നടിപ്പെട്ടവരെ മാറ്റിപ്പാർപ്പിക്കാൻ സർക്കാറിന് അധികാരമുണ്ട്. അങ്ങനെ മാറ്റിപ്പാർപ്പിക്കപ്പെടുന്നവർ ഖബ്റിൽത്തന്നെയായിരിക്കുന്നതുപോലെ തോന്നും. സമ്പന്നർ, ദരിദ്രർ, പുരുഷന്മാർ, സ്ത്രീകൾ, വൃദ്ധർ യുവാക്കൾ എന്നിവർക്കൊന്നും ഒരു പരിഗണനയും ഉണ്ടാകുകയില്ല. അതുകൊണ്ട് –ദൈവം അങ്ങനെ വരുത്താതിരിക്കട്ടെ–നിങ്ങളിലാരെങ്കിലും താമസിക്കുന്നിടത്താണ് പ്ലേഗ് വ്യാപിക്കുന്നതെങ്കിൽ സർക്കാറിന്റെ നിയമങ്ങളെ ഏറ്റവുമാദ്യം അനുസരിക്കുന്നവർ നിങ്ങളായിരിക്കണമെന്ന് ഞാൻ നിങ്ങളോടു നിർദേശിക്കുകയാണ്.

അധികസ്ഥലങ്ങളിൽനിന്നും കേൾക്കപ്പെട്ടത് പേലീസുകാരുമായി ആളുകൾ ഏറ്റുമുട്ടിയെന്നാണ്. എന്റെ പക്കൽ സർക്കാറിന്റെ നിയമങ്ങൾക്കു വിരുദ്ധം പ്രവർത്തിക്കുക എന്നത് രാജ്യദ്രോഹമാണ്; അതു ഭയാനകമായ കുറ്റമാണ്. അതേ! സർക്കാർ സൽസ്വഭാവക്കാരും ധർമനിഷ്ഠരും രാജ്യത്തിന്റെ ആചാരങ്ങളും വഴക്കങ്ങളും മതപരമായ പാലനത്തെ കുറിച്ച് അറിയുന്നവരുമായ ഓഫീസർമാരെ നിശ്ചയിക്കേണ്ടത് നിർബന്ധമാണെന്നതിൽ സംശയമില്ല. അതുകൊണ്ട് നിങ്ങൾ സ്വയം ഈ നിയമങ്ങൾ പാലിക്കുക. നിങ്ങളുടെ സുഹൃത്തുക്കൾക്കും അയൽവാസികൾക്കും ഈ നിയമങ്ങൾ പാലിക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ പറഞ്ഞുകൊടുക്കുക. ഇത് ദുആയുടെ നേരമാണെന്ന് ഞാൻ ആവർത്തിച്ചാവർത്തിച്ച് പറയുകയാണ്. ഈ പകർച്ചവ്യാധി പഞ്ചാബിലേക്ക് തിരിഞ്ഞിരിക്കുന്നുവെന്ന് മനസ്സിലാക്കാൻ കഴിയുന്നു. അതുകൊണ്ട് എല്ലാ ഓരോരുത്തരും ജാഗരൂകരായി ദുആ ചെയ്യുകയും മാനസാന്തരപ്പെട്ടു മടങ്ങുകയും ചെയ്യേണ്ടത് നിർബന്ധമായ കാര്യമാണ്. ശിക്ഷ തലയ്ക്കുമീതെ വന്നെത്തിയാൽപ്പിന്നെ തൗബ അഥവാ പശ്ചാത്താപം ശിക്ഷയിൽനിന്ന് വിടുവിക്കുകയില്ലെന്നതാണ് വിശുദ്ധ ഖുർആന്റെ ആശയം.

### ദൈവശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള മാർഗങ്ങൾ

അതുകൊണ്ട് ദൈവശിക്ഷ വന്ന് തൗബയുടെ വാതിൽ അടയ്ക്കുന്നതിനുമുമ്പേ തൗബ ചെയ്ത് മടങ്ങുക. ലോകത്തിലെ നിയമങ്ങളെ ഇത്രമാത്രം ഭയക്കുന്നുവെങ്കിൽ ദൈവനിയമത്തെ ഭയപ്പെടാതിരിക്കാൻ എന്തു കാരണമാണുള്ളത്? നാശം തലയ്ക്കുമീതെ വന്നു പതിക്കുമ്പോൾ അതിന്റെ സ്വാദ് രുചിക്കേണ്ടതായിത്തന്നെ വരും. എല്ലാ ഓരോരുത്തരും തഹജ്ജുദിൽ എഴുന്നേൽക്കാൻ ശ്രമിക്കേണ്ടതാണ്. അഞ്ചുനേര നമസ്കാരത്തിലും 'ഖുനൂത്ത്' ഉൾപ്പെടുത്തേണ്ടതാണ്. അല്ലാഹുവിനെ വെറുപ്പിക്കുന്ന എല്ലാതരം കാര്യങ്ങളിൽനിന്നും തൗബ ചെയ്ത് മടങ്ങുക. തൗബ കൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹു അനിഷ്ടപ്പെടുന്ന നിമിത്തങ്ങളെ ഉപേക്ഷിച്ച് സത്യസന്ധമായ ഒരു മാറ്റമുണ്ടാക്കുകയും മുന്നോട്ടു ചുവടു വെക്കുകയും ദൈവഭക്തി സ്വീകരിക്കുകയും ചെയ്യുക എന്നതാണ്. സ്വഭാവങ്ങൾ സംസ്കരിക്കുക. അതിലും അല്ലാഹുവിന്റെ കരുണയുണ്ടാകുന്നു. മാനുഷികമായ ശീലങ്ങൾ സംസ്കാര സമ്പന്നമാക്കുക. കോപിക്കരുത്. അതിന്റെ സ്ഥാനം വണക്കവും വിനയവും ഏറ്റെടുക്കണം. സ്വഭാവങ്ങൾ നന്നാക്കുന്നതിനോടൊപ്പം സ്വന്തം കഴി

(ശേഷം പേജ് 10ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഇസ്‌ലാമും യൂറോപ്പും- സംസ്കാരങ്ങൾ തമ്മിലുള്ള സംഘർഷമോ?

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ലോക അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമോന്നതനേതാവ്**
**വിവർത്തകൻ: കെ.വി. ഹസ്സൻകോയ, കോഴിക്കോട്**

പാശ്ചാത്യ സംസ്കാരത്തിനും നാഗരികതക്കും ഇസ്‌ലാം ഒരു ഭീഷണിയാണെന്നു പലപ്പോഴും ആരോപിക്കപ്പെടാറുണ്ട്. എന്നാൽ, 2019 ഒക്ടോബറിൽ ജർമനിയിലെ പ്രശസ്തരും, മന്ത്രിമാരും, വിദ്യാഭ്യാസ വിചക്ഷണരും അടങ്ങിയ ഒരു സദസ്സിൽ ലോക അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തി ന്റെ പരമോന്നത നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ചെയ്ത ഒരു പ്രസംഗത്തിൽ സംസ്കാരവും നാഗരികതയും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കുകയുണ്ടായി. പാശ്ചാത്യ സംസ്കാരത്തിന്റെ വേരുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ജൂത-ക്രിസ്തീയ സംസ്കാരവും, നാസ്തിക വാദവുമാണ് അല്ലാതെ ഇസ്‌ലാമല്ല അവരുടെ സംസ്കാരത്തിനു ഭീഷണി എന്നു പറയുകയുണ്ടായി. ദി റിവ്യൂ ഓഫ് റിലീജ്യൻസിന് അദ്ദേഹത്തിന്റെ ചിന്തോദ്ദീപകമായ പ്രസംഗം പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷമുണ്ട്.

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് പറഞ്ഞു:

**ബിസ്മില്ലാഹിർറഹ്മാനിർറഹീം**

*പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ.*

പ്രശസ്തരായ അതിഥികളേ, *അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.*

അല്ലാഹുവിന്റെ അനുഗ്രഹങ്ങളും സമാധാനവും നിങ്ങൾക്കെല്ലാവർക്കുമുണ്ടാകട്ടെ.

ഞാൻ ആദ്യമായി, നമ്മുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് ഈ സായാഹ്നത്തിൽ ഇവിടെ സന്നിഹിതരായ അതിഥികൾക്ക് നന്ദി രേഖപ്പെടുത്താൻ ഈയവസരം ഉപയോഗപ്പെടുത്തുന്നു. ഇന്നത്തെ ലോകത്ത്, പ്രത്യേകിച്ചും പാശ്ചാത്യ വികസിത രാഷ്ട്രങ്ങളിൽ കുടിയേറ്റത്തെക്കുറിച്ചും സമൂഹത്തിൽ അതുണ്ടാക്കുന്ന ഫലങ്ങളെക്കുറിച്ചും ചൂടുപിടിച്ച സംവാദങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സംവാദത്തിൽ അധികവും മുസ്‌ലിമീങ്ങളെ കേന്ദ്രീകരിച്ചാണുള്ളത്. കാരണം മുസ്‌ലിമീങ്ങളും സമൂഹത്തിലെ മറ്റംഗങ്ങളുമായി കൂട്ടുചേരാൻ പറ്റില്ലെന്നവിധത്തിലുള്ള ഒരു വീക്ഷണം വികാസം പ്രാപിച്ചുവരികയാണ്.

ചില ഗവർമെന്റുകളും പൊതുജനങ്ങളും ഒരു സാംസ്കാരിക സംഘട്ടനം ഭയപ്പെടുന്നു. മുസ്‌ലിമീങ്ങൾ തങ്ങളുടെ സമൂഹത്തിനു ഭീഷണിയാണെന്നു വിശ്വസിക്കുന്നു. പാശ്ചാത്യലോകവുമായി ഉൽഗ്രഥിക്കാൻ അവർക്ക് സാധ്യമല്ലെന്നും കരുതുന്നു.

ഈ തർക്കത്തെക്കുറിച്ച് പ്രതികരിക്കുന്നതിനുമുമ്പേ യഥാർഥത്തിൽ എന്താണ് നാഗരികത എന്നു നിർവചിക്കേണ്ടതുണ്ട്.

ഇക്കാര്യത്തിൽ, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) നൽകിയ നിർവചനം ഞാൻ അവതരിപ്പിക്കുകയും ഞാൻ അതിനോടു പൂർണമായും യോജിക്കുകയും ചെയ്യുന്നു.

നിർവചനപ്രകാരം നാഗരികതയെന്നാൽ ഭൗതികപുരോഗതിയും സമൂഹത്തിന്റെ വികസനവുമാണ്. ഒരു നാഗരികതയുടെ ശക്തി കാണിക്കുന്ന ഘടകങ്ങളിൽ അതിന്റെ സാമ്പത്തിക പുരോഗതി, അതിന്റെ ശാസ്ത്ര സാങ്കേതിക നിലവാരം, യാത്രാസൗകര്യത്തിന്റെ മുന്നേറ്റം, വാർത്താവിനിമയ സൗകര്യം, സമൂഹത്തിന്റെ ബുദ്ധിപരമായ പുരോഗതി എന്നിവ ഉൾപ്പെടുന്നു. ഉദാഹരണമായി വാർത്താവിനിമയ സൗകര്യങ്ങളും ഗതാഗത സൗകര്യവും നാഗരികതയുടെ ഒരു നിലവാരമാണ്. അതുപോലെത്തന്നെ സാമ്പത്തിക വ്യവസ്ഥിതി, അതിന്റെ നിയമം, ക്രമസമാധാനം, വ്യാപാരം, വ്യവസായം, ശാസ്ത്രീയ വിദ്യാഭ്യാസപരമായ ഗവേഷണത്തിന്റെ നിലവാരങ്ങൾ അതിന്റെ ആകെയുള്ള വിദ്യാഭ്യാസ നിലവാരങ്ങൾ എന്നിവയും ഉൾപ്പെടുന്നു.

അതിലുപരി, സമാധാനം പരിപോഷിപ്പിക്കാനുള്ള ഒരു രാഷ്ട്രത്തിന്റെ പരിശ്രമങ്ങൾ, അതിന്റെ സ്ഥിരത, നിയമം നടപ്പിൽവരുത്തുന്നത്, സൈനിക വൈദഗ്ദ്ധ്യം അല്ലെങ്കിൽ മറ്റു വഴികൾ എന്നിവയും നാഗരികതയുടെ അളവുകോലാണ്. ഒരു രാഷ്ട്രത്തിന്റെ സംസ്ക്കാരം അതിന്റെ നാഗരികതയിൽനിന്നു വേറിട്ടതും വ്യത്യസ്തവുമാണ്. സംസ്ക്കാരം എന്നത് ജനങ്ങളുടെ വീക്ഷണത്തിന്റെ പ്രകടനമാണ്. സാമൂഹിക പ്രശ്നങ്ങൾക്കുനേരെയുള്ള അവരുടെ മനോഭാവം അവരുടെ ആചാരങ്ങൾ ഭൗതിക പുരോഗതിക്കടിസ്ഥാനമാവുന്നതിനു പകരം സംസ്ക്കാരം ധാർമികതയിലും മതമൂല്യങ്ങളിലും രാഷ്ട്രത്തിന്റെ പരമ്പരാഗതമായ വിശ്വാസത്തിലും വേരൂന്നിയതാണ്.

അപ്രകാരം നാഗരികത ഭൗതികതയിലും സാങ്കേതികതയിലും ബുദ്ധിപരമായ ഒരു സമൂഹത്തിന്റെ വികസനവുമാണ്. സംസ്കാരവും മതപരവും ധാർമികവും തത്ത്വജ്ഞാനപരവുമായ സമൂഹത്തിന്റെ ചുമതലയാണ്.

നാഗരികതയും സംസ്കാരവും തമ്മിലുള്ള വ്യത്യാസം ക്രിസ്തുമതത്തിന്റെ ആദ്യകാലം എടുത്തു നോക്കിയാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. റോമൻ സാമ്രാജ്യം അതിന്റെ അധികാരത്തിന്റെ ഉച്ചിയിലായിരുന്നപ്പോഴും ഇപ്പോഴും ലോകചരിത്രത്തിന്റെ ഏറ്റവും വലിയ നാഗരികതയായി ഗണിക്കപ്പെടുന്നു. അവരുടെ ഭൗതികാഭിവൃദ്ധി കാരണമായി പട്ടണീകരണവും അതിർത്തി വഴികളും ഭരിക്കപ്പെട്ടു. റോമക്കാർ അത്യുന്നത നാഗരികതയുള്ളവരും വിദ്യാസമ്പന്നരുമായി ഗണിക്കപ്പെട്ടു.

എന്നിരിക്കിലും, അവരുടെ പരിഷ്കൃതി ധാർമികതയുടെ ഉന്നതനിലവാരങ്ങളുമായി സമീകരിക്കപ്പെട്ടില്ല. മറിച്ച്, ക്രിസ്തുമതത്തിന്റെ ആദ്യകാലങ്ങളിലായിരുന്നു അവരിൽ പുരോഗമനപരമായ സംസ്കാരം സന്നിവേശിക്കപ്പെട്ടത്. ക്രിസ്തുമതം ജനങ്ങൾക്ക് മതപരമായ അടിസ്ഥാനത്തിൽ മാർഗദർശകമായ തത്ത്വങ്ങളും ധാർമികതയും നല്കിയപ്പോൾ റോമക്കാർ ലൗകികമായ നിയമങ്ങളും പരിധികളും നല്കി.

അതുകൊണ്ട് റോമക്കാരുടെ പുരോഗതിയും മുന്നേറ്റവും അവരുടെ മഹത്തായ നാഗരികത പ്രതിഫലിപ്പിച്ചപ്പോൾ ക്രിസ്തുമതം ജനങ്ങൾക്ക് സ്തുത്യർഹമായ സംസ്കാരം നല്കി. കാലക്രമേണ ക്രിസ്തുമതം റോമൻ സാമ്രാജ്യത്തിന്റെ മേലധികാരമുള്ള മതമായിത്തീർന്നു. അതുകൊണ്ട് അത് സ്ഥാപിച്ച സംസ്കാരം അതിന്റെ മഹത്തായ നാഗരികത കൈക്കൊണ്ടു. അവരുടെ പരമമായ സ്വാധീനവും ചേർന്ന് ഇന്ന് പാശ്ചാത്യ ലോകത്ത് നിലനില്ക്കുന്ന മൂല്യങ്ങളും ആചാരങ്ങളും ഉണ്ടായി.

പാശ്ചാത്യലോകത്തെ ജനങ്ങൾ മതത്തിൽനിന്ന് മാറിപ്പോകുമ്പോൾ അടിസ്ഥാനപരമായ ക്രിസ്തുമതം നൽകിയ ധാർമികമൂല്യങ്ങൾ പാശ്ചാത്യ സമൂഹത്തിൽനിന്ന് വേറിട്ടുപോകുന്നു.

ഈയിടെ ദശാബ്ദങ്ങളായി നടക്കുന്ന കുടിയേറ്റ സംബന്ധമായ സംവാദത്തെപ്പറ്റി പറയുകയാണെങ്കിൽ ചില പാശ്ചാത്യരാജ്യങ്ങളിലെ ജനസംഖ്യാശാസ്ത്രത്തിന് മാറ്റം വന്നിട്ടുണ്ട്. കുടിയേറ്റക്കാർ പല രാജ്യങ്ങളിൽനിന്ന് വന്നിട്ടുണ്ട്. എന്നാൽ, മുസ്‌ലിമീങ്ങളുടെ പ്രവാഹം കൂടുതൽ ആശങ്കയും വിഷമങ്ങളുമുണ്ടാക്കിയിട്ടുണ്ട്. മുസ്‌ലിം രാജ്യങ്ങളിൽനിന്നുള്ള കൂട്ടമായ കുടിയേറ്റം തങ്ങളുടെ നിരവധി നൂറ്റാണ്ടുകളായി നിലനില്ക്കുന്ന നാഗരികതക്കും സംസ്കാരത്തിനും മൂല്യങ്ങൾക്കും ഭീഷണിയാകുമോ എന്ന് നിരവധി തദ്ദേശവാസികൾ ഭയപ്പെടുന്നു. ഞാൻ വിശദീകരിച്ച പ്രകാരം ഞങ്ങൾ നാഗരികതയെ ഭൗതികപുരോഗതിയും സമൂഹത്തിന്റെ മുന്നേറ്റവുമായാണ് പരിഗണിക്കുന്നത്. അതിനെ നിരാകരിക്കുകയോ എതിർക്കുകയോ അല്ലെങ്കിൽ പാശ്ചാത്യലോകത്തുള്ള വളർച്ചയേയും വികസനത്തേയും നിഷേധിക്കുകയുമല്ല. വികസ്വര രാജ്യങ്ങൾ അതിനെ അന്ധമായി അനുകരിക്കുന്നു. അതിന്റെ ഫലമായി പാശ്ചാത്യ നാഗരികതയെ മാറ്റിവെക്കുന്നതിനു പകരം ഞങ്ങൾ അതിന്റെ എതിരാണ് കാണുന്നത്.

ആധുനിക യാത്രാ, ആശയവിനിമയ ഉപാധികൾ കാരണം ലോകം ഒരു ആഗോളഗ്രാമമായിരിക്കുന്നു. ടെലിവിഷൻ, സാമൂഹികമാധ്യമങ്ങൾ, പ്രത്യേകിച്ചും ഇന്റർനെറ്റ് എന്നിവയുടെ ആഗമനം കാരണം ലോകത്ത് ഒന്നുംതന്നെ ഗോപ്യമായിരിക്കുന്നില്ല. അതുകൊണ്ട് സാമ്പത്തികമായി മോശമായ രാജ്യങ്ങളിൽ സുഭിക്ഷമായ രാഷ്ട്രങ്ങളിലുള്ള ജീവിതം കാണാൻ കഴിയുന്നു. അവർ പാശ്ചാത്യനാഗരികതയാൽ സ്വാധീനിക്കപ്പെട്ട് അതുപോലുള്ള ഭൗതികമുന്നേറ്റം നേടാൻ ആഗ്രഹിക്കുന്നു. അങ്ങനെ, പാശ്ചാത്യ അഥവാ യൂറോപ്യൻ നാഗരികത മുസ്‌ലിം സാന്നിധ്യത്താൽ വിഭീഷണമാണെന്ന ധാരണ നിലനില്ക്കുന്നില്ല. അതിലുപരി പാശ്ചാത്യ നാഗരികത ലോകത്തിലെ മറ്റു ഭാഗ

(ശേഷം പേജ് 11ൽ)

**ഹദീഥുന്നബ്‌വി (സ):**

*നബി(സ)തിരുമേനി പറഞ്ഞു: 'നീ ധാരാളം സുജൂദ് ചെയ്യണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനുവേണ്ടി നീ ചെയ്യുന്ന ഒരു സുജൂദിനു പകരം അല്ലാഹു നിന്നെ ഒരു പടി ഉയർത്തുകയും അതുകൊണ്ടുതന്നെ ഒരു പാപം നിനക്കു പൊറുക്കുകയും ചെയ്യും.'(മുസ്‌ലിം)*

ത്വാലിബെ ദുആ:
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു:**
**'സദ്‌വൃത്തിയോടൊപ്പം ദീർഘായുസ്സ് ലഭിച്ചിട്ടുള്ളവനാണ് ജനങ്ങളിൽ മഹോന്നതൻ.'**
**(തിർമുദി)**

ത്വാലിബെ ദുആ:
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

## ഖുത്ബ ജുമുഅ

“ലോകത്ത് ഒരു താക്കീതുകാരൻ വന്നു. എന്നാൽ, ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. പക്ഷേ, അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത വെളിപ്പെടുത്തുകയും ചെയ്യും.”

“ഭൂമിയുടേയും ആകാശത്തിന്റേയും ദൈവം, ‘നീ ഹിന്ദുക്കൾക്കുവേണ്ടിയുള്ള കൃഷ്ണനും മുസ്‌ലിമീങ്ങൾക്കും ക്രിസ്ത്യാനികൾക്കുംവേണ്ടിയുള്ള വാഗ്ദത്ത മസീഹുമാണ്’എന്ന് എന്നിൽ വെളിപ്പെടുത്തിയിരിക്കുന്നു.”

**“എന്നോടു വൈരാഗ്യമുണ്ടെങ്കിൽ അതിൽ അതിരുകടക്കരുത്. ഇസ്‌ലാംമതത്തിനു നഷ്ടമുണ്ടാക്കുന്ന പണികളൊന്നും ചെയ്യുകയുമരുത്.”**

“അല്ലാഹു എന്നെ ഈ കാലത്ത് നിയോഗിച്ചയച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം ഇതാണ്. അതായത് ദൈവത്തിനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന് ഏർപെട്ടിട്ടുള്ള തടസ്സത്തെ നീക്കം ചെയ്ത് സ്നേഹവും ആത്മാർഥതയും നിറഞ്ഞ ബന്ധത്തെ പുനഃസ്ഥാപിക്കുകയും സത്യത്തെയും സമാധാനത്തെയും തെളിയിച്ചുകൊണ്ട് മതയുദ്ധങ്ങളെ ഇല്ലാതാക്കി പരസ്പരം സൗഹാർദവും സ്നേഹവും സാഹോദര്യവും സ്ഥാപിക്കുകയും ലോകദൃഷ്ടിയിൽ നിന്ന് മറഞ്ഞുപോയ മതപരമായ സത്യങ്ങളെ വെളിപ്പെടുത്തുകയും ഐഹികമായ അന്ധകാരങ്ങൾക്കടിപ്പെട്ടുപോയ ആത്മീയതയെ പ്രബോധിക്കുകയും പ്രാർഥനയും ദൈവാരാധനയും വഴിയായി മനുഷ്യനിൽ അന്തർലീനമായിക്കിടക്കുന്ന ദൈവികശക്തികളെ വെറുംവാക്കുകൾ മൂലമല്ലാതെ യഥാർഥത്തിൽ വെളിച്ചത്തു നകൊണ്ടുവരികയും സർവ്വോപരി എല്ലാവിധ ശിർക്കിൽ നിന്നും പരിശുദ്ധമായ പ്രഭാപൂരിതമായ തൗഹീദിനെ ലോകത്ത് നിലനിറുത്തുകയും ചെയ്യുക എന്നതാണ്.”

*“അല്ലാഹു എന്നെ ലോകത്ത് നിയമിച്ച് അയച്ചതുമുതൽ ലോകത്തൊരു വമ്പിച്ച വിപ്ലവം ഉണ്ടായിക്കൊണ്ടിരിക്കുന്നതായി ഞാൻ കാണുന്നു.”*

ജനങ്ങൾ ദൈവത്തിന്റെ വഴി മറന്നുപോകുകയും ഏകദൈവ വിശ്വാസവും ദൈവഭക്തിയും ഉപേക്ഷിക്കുകയും ചെയ്യുമ്പോൾ അത്യുന്നതനായ അല്ലാഹു തന്നിൽനിന്ന് ഏതെങ്കിലും ദാസനെ തികവുറ്റ ഉൾക്കാഴ്ച പ്രദാനം ചെയ്തും തന്റെ ഭാഷണവും വെളിപാടുംകൊണ്ട് ഉന്നതനുമാക്കി മനുഷ്യകുലത്തിന്റെ സന്മാർഗത്തിനായി അയക്കുന്നു.

ഈ വൈറസ് ദൈവത്തിലേക്ക് മടങ്ങുന്ന കാര്യത്തെ കുറിച്ച് ചിന്തിക്കാൻ മനുഷ്യനെ നിർബന്ധിതനാക്കി. പക്ഷേ, യഥാർഥമായ ദൈവം ജീവസുറ്റദൈവം കേവലം ഇസ്‌ലാം സമർപിക്കുന്ന ദൈവമാകുന്നു. അവൻ തന്നിലേക്ക് വരുന്നവർക്ക് വഴി കാണിക്കുമെന്ന് വിളംബരം ചെയ്തിരിക്കുന്നു.

എം.ടി.എ യിൽ മസീഹ് മൗഊദ് ദിനത്തിൽ സംപ്രേഷണം ചെയ്യുന്ന പരിപാടികളെ പ്രയോജനപ്പെടുത്താൻ ഉപദേശം.

കൊറോണ വൈറസിനെ പ്രതിരോധിക്കാൻ മുൻകരുതലായിട്ടുള്ള പദ്ധതികൾ സ്വീകരിക്കാനും ഈ പ്രതിസന്ധി ഘട്ടത്തിൽ ലോകത്തിന് ഇസ്‌ലാമിനെ പരിചയപ്പെടുത്താൻ വേണ്ടിയുള്ള ഫലപ്രദമായ പ്രബോധന പരിപാടി സംഘടിപ്പിക്കാനും രോഗത്തിൽ അകപ്പെടുന്നവർക്കുവേണ്ടി പ്രാർഥിക്കാനുമുള്ള ഉപദേശം.

**ഖുത്‌ബ ജുമുഅ 2020 മാർച്ച് 20/1399 അമാൻ 20**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ) യു.കെ.**

**ഖുത്‌ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُولُهٗ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

മൂന്നു ദിവസത്തിനുശേഷം മാർച്ച് 23 ആണ്. അന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ബയ്അത്തു (അനുസരണ പ്രതിജ്ഞ) സ്വീകരിക്കാൻ തുടങ്ങിയത്. അങ്ങനെ ഔദ്യോഗികമായി അഹ്മദിയ്യ ജമാഅത്തിനും അടിത്തറ വീണു. ജമാഅത്തിൽ ആ ദിവസം ‘മസീഹ് മൗഊദ് ദിനം’ എന്ന പേരിൽ ആഘോഷിക്കപ്പെടുന്നു. അന്നേ ദിവസം യോഗങ്ങളും സംഘടിപ്പിക്കുന്നു. അതിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വാദത്തെക്കുറിച്ചും അദ്ദേഹം വന്നതിന്റെ ഉദ്ദേശ്യത്തെക്കുറിച്ചും വിവരിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ ഇന്ന്, –ആ ദിനം വരുന്നത് മൂന്നു ദിവസത്തിനുശേഷമാണെങ്കിലും, കാരണം അടുത്ത ജുമുഅ വരുന്നത് അതിനു രണ്ടുമൂന്നു ദിവസം കഴഞ്ഞാണ്– ഞാൻ ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വന്തം വാക്കുകളിൽ അവിടത്തെ കുറച്ച് ഉദ്ധരണികൾ സമർപിക്കുന്നതാണ്.

ഈ വർഷം മിക്ക രാജ്യങ്ങളിലും സ്ഥലങ്ങളിലും ഇപ്പോൾ കൊറോണ വൈറസിന്റെ പകർച്ചവ്യാധി വ്യാപിച്ചുകൊണ്ടിരിക്കുന്ന കാരണത്താൽ യോഗങ്ങൾ സംഘടിപ്പിക്കുവാൻ സാധിക്കാതെ വരാം. അതുകൊണ്ട് എന്റെ ഖുത്‌ബ കൂടാതെ എം. ടി. എ യിലും ഇതു സംബന്ധമായ പ്രോഗ്രാമുകൾ അവതരിപ്പിക്കുന്നതായിരിക്കും. അത് എല്ലാ അഹ്മദികളും തങ്ങളുടെ വീടുകളിൽ അവരുടെ കുട്ടികളോടൊപ്പം കേൾക്കാൻ ശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ അവിടത്തെതന്നെ ജോലികളേയും മതത്തേയും ലോകത്ത് പ്രചരിപ്പിക്കുന്നതിനായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ) നിയോഗിക്കപ്പെട്ടത്. അദ്ദേഹം ഒരിടത്ത് ഇപ്രകാരം പറയുന്നു:

“ഞാൻ നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുന്നു. ആ മഹാത്മാവിനുവേണ്ടിത്തന്നെയാണ് ഈ ജമാഅത്ത് അല്ലാഹു സ്ഥാപിച്ചിട്ടുള്ളത്. ആ മഹാത്മാവിന്റെ തന്നെ കൃപാദാനങ്ങളുടേയും അനുഗ്രഹങ്ങളുടേയും ഫലംകൊണ്ടുതന്നെയാണ് ഈ സഹായങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.” അദ്ദേഹം പറയുന്നു: “ഞാൻ തുറന്നു പറയുകയാണ്, ഇതുതന്നെയാണ് എന്റെ വിശ്വാസവും മതവും; നബി(സ)തിരുമേനിയെ പിൻപറ്റാതേയും അവിടത്തെ കാലടിപാടുകളിലൂടെ നടക്കാതെയും ഒരു മനുഷ്യനും ഒരു ആത്മീയമായ സമൃദ്ധിയും കൃപയും കരസ്ഥമാക്കാൻ സാധിക്കുകയില്ല.”(ലക്ച്ചർ ലുധിയാന, റൂഹാനീ ഖസാഇൻ വാള്യം 20 പേജ് 267)

നബി(സ)തിരുമേനിയിൽനിന്ന് പ്രാപിച്ച ആത്മീയമായ കൃപ കാരണത്താലണ് അല്ലാഹു, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ലോകത്തിന്റെ പരിഷ്കരണത്തിന് അയച്ചത്; ഇസ്‌ലാമിന്റെ തേജോവിലാസത്തേയും പ്രതാപത്തേയും വീണ്ടും ലോകത്ത് സ്ഥാപിക്കുന്നതിനുവേണ്ടി. ഒരു സ്ഥലത്ത് അവിടന്ന് പറയുന്നു: *“വ അറസലനീ റബ്ബീ ലി ഇസ്‌ലാഹിൽ ഖൽഖിഹീ* ഞാൻ സൃഷ്ടികളുടെ പരിഷ്കരണം നടത്തുന്നതിന് അല്ലാഹു എന്നെ അയച്ചു.”(ഇഅ്ജാസെ അഹ്മദി ളമീമ നുസൂലുൽ മസീഹ്, റൂഹാനീ ഖസാഇൻ വാള്യം 19 പേജ് 178)

വീണ്ടും തന്റെ നിയോഗത്തെ കുറിച്ച് കൂടുതൽ വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ്

മൗഊദ്(അ) വിവരിക്കുന്നു: "ഞാൻ ഇത് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കും; ദീനിനെ പുതിയ രൂപത്തിൽ ഹൃദയങ്ങളിൽ പുനഃപ്രതിഷ്ഠിക്കുന്നതിനുവേണ്ടി, മനുഷ്യരെ നന്മയിലേക്ക് നയിക്കുവാൻ തക്കസമയത്ത് അയക്കപ്പെട്ടിട്ടുള്ളവൻ ഞാൻ തന്നെയാകുന്നു എന്ന സത്യം പ്രഖ്യാപിക്കുന്നത് നിറുത്തി വെക്കാൻ എനിക്കാവുകയില്ല. 'കലീമുല്ലാഹ്' ആയ ദൈവഭടന്നുശേഷം അയക്കപ്പെട്ടിരുന്നതാരോ, ആരുടെ ആത്മാവ് ഹെരോദാസിന്റെ ഭരണത്തിൽ ഏറിയ കഷ്ടപ്പാടുകൾക്കുശേഷം സ്വർഗത്തിലേക്ക് എടുത്തുകൊള്ളപ്പെട്ടുവോ ആ വ്യക്തിയെപോലെ പ്രേഷണം ചെയ്യപ്പെട്ടിരിക്കുന്നവനത്രെ ഞാൻ." (ഫത്ഹെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാല്യം 3 പേജ് 7–8)

ഏതൊരു വാഗ്ദത്ത മസീഹ് വരുമെന്നാണോ നബി(സ)തിരുമേനി പ്രവചനം ചെയ്തിരുന്നത് അദ്ദേഹം തക്കസമയത്ത് വെളിപ്പെട്ടുവെന്ന് വിളംബരം ചെയ്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലയോ സഹോദരങ്ങളേ! ദൈവത്തെ ഓർത്ത് തള്ളുകയും അന്യായം കാണിക്കുകയും ചെയ്യാതിരിക്കുക. മനസ്സിലാക്കുന്നതിൽ നിങ്ങൾക്ക് തെറ്റുപറ്റിയിട്ടുള്ള കാര്യങ്ങൾ ഞാൻ പറയേണ്ടിയിരുന്നത് അനിവാര്യമായിരുന്നു. നിങ്ങൾ ആദ്യമെതന്നെ പുണ്യമാർഗത്തിലായിരുന്നുവെങ്കിൽ ഞാൻ വരേണ്ട ആവശ്യമെന്തായിരുന്നു. ഈ ഉമ്മത്തിന്റെ പരിഷ്കരണത്തിന് ഇബ്നുമർയം ആയിക്കൊണ്ട് ഞാൻ വന്നിരിക്കുന്നുവെന്ന് പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്; ഹദ്റത്ത് മസീഹ് ബിൻ മർയം യഹൂദികളുടെ പരിഷ്കരണത്തിനായി വന്നതുപോലെതന്നെ. ഇക്കാരണത്താൽ അദ്ദേഹത്തിന്റെ സദൃശനാകുന്നു. അദ്ദേഹത്തിന് ഏല്പിക്കപ്പെട്ടിരുന്നതുപോലെ, അതുതന്നെയും അതേരീതിയിലുള്ള ജോലിയുമാണ് എനിക്കേല്പിച്ചിട്ടുള്ളത്; മസീഹ് വെളിപ്പെട്ട് ധാരാളം തെറ്റുകളിൽനിന്നും അടിസ്ഥാനരഹിതമായ ചിന്താഗതികളിൽനിന്നും യഹൂദികളെ മോചിപ്പിച്ചിരുന്നു. ഇതുകൂടാതെ ഒന്ന് ഇങ്ങനേയുമുണ്ട്, ഇക്കാലത്തുള്ള മുസ്‌ലിമീങ്ങൾ അല്ലാഹുവിന്റെ ദൂതനായ മസീഹുബ്നുമർയം വീണ്ടും വരുമെന്ന് പ്രതീക്ഷിച്ചിരിക്കുന്നതുപോലെ ഏലിയ പ്രവാചകൻ വീണ്ടും ലോകത്തുവരുമെന്നുള്ള പ്രതീക്ഷയിൽ യഹൂദികളും കാത്തിരുന്നിരുന്നു. അപ്പോൾ ഏലിയനബി ആകാശത്തുനിന്ന് ഇറങ്ങുകയില്ലെന്നും സക്കരിയായുടെ മകൻ യഹ്‌യായാണ് ഏലിയായെന്നും സ്വീകരിക്കേണ്ടവർ സ്വീകരിച്ചുകൊള്ളുക എന്നും പറഞ്ഞുകൊണ്ട് മസീഹ് പഴയകാലത്ത് സംഭവിച്ച തെറ്റു തിരുത്തുകയുണ്ടായി. തന്നെ സ്വയം മുൽഹിദ് എന്നും ദൈവഗ്രന്ഥത്തിൽനിന്ന് തെറ്റിപ്പോയവനെന്നും യഹൂദികളുടെ നാവുകൊണ്ട് പറയിച്ചു. എന്നാൽ, സത്യമെന്താണോ അത് വെളിപ്പെടുത്തി. ഇതേ അവസ്ഥതന്നെയാണ് അദ്ദേഹത്തിന്റെ സദൃശനുമുണ്ടായത്. ഹദ്റത്ത് മസീഹിനെപോലെ ഇയാൾക്കും മുൽഹിദ് എന്ന 'സ്ഥാനപ്പേര്' നല്കപ്പെട്ടു. ഇതു ഉന്നത ദർജയിലുള്ള സാദൃശ്യമല്ലേ?"(ഇസാലയെ ഔഹാം ഭാഗം 2, റൂഹാനീ ഖസാഇൻ വാല്യം 3 പേജ് 394)

ഹദ്റത്ത് മസീഹ് മൗഊദ്(അ) മുസ്‌ലിമീങ്ങളോടു മാത്രമല്ല മറിച്ച് എല്ലാ മതങ്ങളോടും എല്ലാ സമുദായങ്ങളോടും തന്റെ നിയോഗത്തിന്റെ പ്രാധാന്യം വ്യക്തമാക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഈ കാലഘട്ടത്തിൽ അല്ലാഹുവിൽനിന്ന് ഞാൻ വെളിപ്പെട്ടിരിക്കുന്നതു മുസ്‌ലിമീങ്ങളുടെ സമുദ്ധാരണത്തിനുവേണ്ടി മാത്രമല്ല, മുസൽമാന്മാരുടെയും ഹിന്ദുക്കളുടെയും ക്രിസ്ത്യാനികളുടെയും ഈ മൂന്നു സമുദായങ്ങളുടെയും ഉദ്ധാരണം മുൻനിറുത്തിയാകുന്നു. അല്ലാഹു എന്നെ മുസ്‌ലിമീങ്ങൾക്കും ക്രിസ്ത്യാനികൾക്കും വാഗ്ദത്തമസീഹ് ആയി അയച്ചതുപോലെ ഞാൻ ഹിന്ദുക്കൾക്ക് ഒരു അവതാരം എന്ന നിലയിലും ആകുന്നു. ലോകത്തു നിറഞ്ഞുകിടക്കുന്ന പാപങ്ങളെ ദൂരീകരിക്കുന്നതിനായി ഞാൻ മസീഹുബ്നു മർയമിന്റെ പ്രതിരൂപത്തിൽ വെളിപ്പെട്ടതുപോലെ ഹിന്ദുക്കളിലെ അവതാരങ്ങളിലെല്ലാംവെച്ചു ഏറ്റവും വലിയ അവതാരമായിരുന്ന രാജാകൃഷ്ണന്റെയും പ്രതിരൂപമാണെന്ന വസ്തുത കഴിഞ്ഞ 20 കൊല്ലത്തിലേറെ കാലമായി ഞാൻ പരസ്യപ്പെടുത്തിക്കൊണ്ടിരിക്കയാണ്. ആത്മീയഭാഷയിൽ പറഞ്ഞാൽ ഞാൻ അദ്ദേഹംതന്നെയാകുന്നു. ഒരു തവണയല്ല, എത്രയോ തവണ നീ ഹിന്ദുക്കൾക്ക് കൃഷ്ണനും മുസൽമാന്മാർക്കും ക്രിസ്ത്യാനികൾക്കും വാഗ്ദത്ത മസീഹാണ് എന്നു ദൈവം എന്നോടു പറഞ്ഞു. അജ്ഞനായ മുസ്‌ലിം ഇതു കേട്ട ഉടൻ പറഞ്ഞേക്കും ഇതാ, ഇവൻ കാഫിറിന്റെ പേര് സ്വായത്തമാക്കിക്കൊണ്ട് വ്യക്തമായ തരത്തിൽ കുഫ്റിനെ സ്വീകരിച്ചിരിക്കുന്നു എന്ന്. എന്നാൽ, ഇത് ദൈവത്തിൽനിന്നുള്ള വെളിപാട് (വഹ്‌യ്) ആകുന്നു. അതു തുറന്നു പറയാതിരിക്കാൻ എനിക്ക് നിർവ്വാഹമില്ലതന്നെ. ഇത്തരം ഒരു വൻസദസ്സിൽ ഞാൻ ഇക്കാര്യ തുറന്നു പ്രസ്താവിക്കുന്നതു ഇതാദ്യമാണ്. എന്തെന്നാൽ, ദൈവത്തിൽനിന്ന് വെളിപ്പെടുന്ന ആളുകളാരോ അവർ ദുർഭാഷണക്കാരുടെ ആക്ഷേപശകാരങ്ങളൊന്നും ഭയപ്പെടുന്നവരല്ല."(ലക്ച്ചർ സിയാൽക്കോട്ട്, റൂഹാനീ ഖസാഇൻ വാല്യം 20 പേജ് 228)

സിയാൽക്കോട്ടിൽ ഹിന്ദുക്കളും മുസ്‌ലിമീങ്ങളും അടങ്ങുന്ന വമ്പിച്ചൊരു സദസ്സിലായിരുന്നു ഈ പ്രഭാഷണം അവിടന്ന് നടത്തിയത്.

പിന്നീട് തന്റെ നിയോഗത്തിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)വിവരിക്കുന്നു:

'മനുഷ്യൻ അല്ലാഹുവിന്റെ കല്പനയ്ക്കു വിരുദ്ധമായി എന്തൊന്ന് ചെയ്യുന്നുവോ അതെല്ലാം പാപത്തിന് നിമിത്തമായി തീരുന്നു. സർക്കാറിന്റെ ഭാഗത്തുനിന്ന് ഒരു സാധാരണ ശിപായി ആജ്ഞാപത്രവുമായി വരികയാണെങ്കിൽ അയാളെ അനുസരിക്കാത്തയാൾ കുറ്റവാളിയായി കണക്കാക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു. ഒരു ഭൗതിക ഭരണാധികാരിയുടെ അവസ്ഥ ഇതാണെങ്കിൽ 'അഹ്ക്കമുൽ ഹാക്കിമീനിൽ(ഭരണാധികാരികളുടെയെല്ലാം മേൽഭരണാധികാരി)നിന്ന് വരുന്നവരെ നിന്ദിക്കുകയും അവമതിക്കുകയും ചെയ്യുകയാണെങ്കിൽ എത്രമാത്രം ദൈവകല്പനയുടെ ലംഘനമായിരിക്കുമത്. അല്ലാഹു വലിയ ആത്മാഭിമാനമുള്ളവനാണ്. അവൻ തക്കസമയത്തുതന്നെ, വികലമായ നൂറ്റാണ്ടിന്റെ തലയ്ക്കൽ ജനങ്ങളെ നേർമാർഗത്തിലേക്ക് ക്ഷണിക്കുന്നതിന് ഒരാളെ അയച്ചു. അവന്റെ പദ്ധതികളെ ചവിട്ടി മെതിക്കുക എന്നത് വലിയ പാപമാകുന്നു."

വീണ്ടും അവിടന്ന് പറയുന്നു: "മനുഷ്യബുദ്ധി അല്ലാഹുവിന്റെ ഉദ്ദേശ്യംകൊണ്ട് ലഭിക്കുകയില്ല. ദൈവികോദ്ദേശ്യത്തെക്കാളുപരി ഗ്രാഹ്യമുണ്ടെന്ന് വാദിക്കുന്ന മനുഷ്യൻ എന്തു വസ്തുവാണ്. അല്ലാഹുവിന്റെ ഉദ്ദേശ്യം ഈ നേരത്ത് ആകസ്മികവും തെളിമയാർന്നതുമാണ്." അവിടന്ന്(അ) പറയുന്നു: "ഇസ്‌ലാമിൽനിന്ന് ആദ്യമൊക്കെ ഒരാൾ മതപരിത്യാഗിയായാൽ" തന്റെ കാലത്തെ കുറിച്ചാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നത് "ഒരു ബഹളംതന്നെ ഉണ്ടാകുമായിരുന്നു. ഇപ്പോൾ ഇസ്‌ലാം എങ്ങനെയുള്ള കാലുകൊണ്ടാണ് ഞെരിക്കപ്പെട്ടിരിക്കുന്നതെന്നാൽ മുർത്തദ്ദായ ഒരു ലക്ഷംപേരുണ്ട്." വീണ്ടും പറയുന്നു: "ഇസ്‌ലാമിനെപ്പോലുള്ള പരിശുദ്ധവും പവിത്രവുമായ മതത്തിനുമേൽ എത്രമാത്രം ആക്രമണങ്ങൾ നടന്നുവെന്നാൽ ആയിരങ്കക്കിന് ലക്ഷക്കണക്കിന് ഗ്രന്ഥങ്ങൾ നബി(സ)തിരുമേനിയെ ചീത്ത പറഞ്ഞുകൊണ്ട് പ്രസിദ്ധീകരിക്കപ്പെടുന്നു. ചില മാസികകൾ കോടികൾവരെയാണ് അച്ചടിച്ചിറക്കുന്നത്. ഇസ്‌ലാമിനെതിരിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതെല്ലാം ഒരിടത്ത് ഒരുമിച്ചു കൂട്ടുകയാണെങ്കിൽ അത് ഒരു വലിയ മലയായിരിക്കും. മുസ്‌ലിമീങ്ങളുടെ അവസ്ഥ ജീവനില്ലാത്തതുപോലെയാണ്. എല്ലാവരും മരിച്ചുതന്നെ പോയിരിക്കുന്നു. ഈ സമയത്ത് അല്ലാഹുവും നിശബ്ദനായിരിക്കുകയാണെങ്കിൽ എന്തായിരിക്കും അവസ്ഥ? അല്ലാഹുവിന്റെ ഒരാക്രമണം മനുഷ്യന്റെ ആയിരം ആക്രമണങ്ങളേക്കാൾ ശക്തമായതാണ്. അത് എങ്ങനെയുള്ളതാണെന്നാൽ അതുമുഖേന ദീനിന്റെ അഭിവൃദ്ധി ഉണ്ടാകുന്നതായിരിക്കും. ക്രിസ്ത്യാനികൾ 1900 വർഷമായി ഈസാ ദൈവമാണെന്ന കോലാഹലം ഉണ്ടാക്കിവച്ചിരിക്കുന്നു. അവരുടെ ദീൻ ഇന്നുവരെ അഭിവൃദ്ധിപ്പെട്ടുകൊണ്ടുപോയി. മുസ്‌ലിമീങ്ങളാണെങ്കിൽ അവർക്ക് വേറേയും സഹായം നല്കിക്കൊണ്ടിരിക്കുന്നു. ക്രിസ്ത്യാനികളുടെ കൈയിലുള്ള ഏറ്റവും വലിയ ആയുധം മസീഹ് ജീവിച്ചിരിക്കുന്നുവെന്നും നിങ്ങളുടെ നബി(സ) മരിച്ചു പോയിരിക്കുന്നുവെന്നുമുള്ളതാണ്." അവിടന്ന്(അ) പറയുന്നു: "ലാഹോറിൽ ലോർഡ് ബിഷപ്പ് വലിയൊരു സദസ്സിൽ ഇക്കാര്യം അവതരിപ്പിച്ചു. ഒരു മുസ്‌ലിമിനും അതിന് മറുപടി നല്കാൻ കഴിഞ്ഞില്ല. എന്നാൽ, നമ്മുടെ ജമാഅത്തിൽപ്പെട്ട അവിടെ ഉണ്ടായിരുന്ന മുഫ്ത്തി മുഹമ്മദ് സ്വാദിഖ് സാഹിബ് എഴുന്നേല്ക്കുകയും വിശുദ്ധ ഖുർആൻ, ഹദീഥ്, ചരിത്രം, ഇഞ്ചീൽ തുടങ്ങിയവകൊണ്ട് ഹദ്റത്ത് ഈസാ മരിച്ചുപോയിരിക്കുന്നുവെന്ന് സ്ഥാപിക്കുകയും ചെയ്തു; നമ്മുടെ നബി(സ)തിരുമേനി ജീവിച്ചിരിക്കുന്നുവെന്നും. എന്തുകൊണ്ടെന്നാൽ ആ മഹാത്മാവിൽനിന്ന് കൃപ കരസ്ഥമാക്കി അമാനുഷികതയും അത്ഭുതവും കാണിക്കുന്നവർ എപ്പോഴും ഉണ്ടായിട്ടുണ്ട്. അപ്പോൾ അവർക്ക് അതിന് മറുപടി ഒന്നും നല്കാൻ കഴിഞ്ഞില്ല." അവിടന്ന് പറയുന്നു: "ഞാനൊരിക്കൽ ലുധിയാനയിൽ ക്രിസ്ത്യാനികൾക്ക് നോട്ടീസ് കൊടുത്തിരുന്നു. ഞങ്ങൾക്കും നിങ്ങൾക്കുമിടയി ൽ അധികമായ ഭിന്നതയൊന്നുമില്ല. കുറച്ചു കാര്യമെയുള്ളു. ഈസാ മരിച്ചുപോയിരിക്കുന്നുവെന്ന് നിങ്ങൾ അംഗീകരിക്കുക; ആകാശത്തിൽ പോയിട്ടില്ല. ഇതിൽ വിശ്വസിക്കുന്നതിൽ എന്താ നിങ്ങൾക്ക് കുഴപ്പം? അതുകേട്ട് അവർ വളരെ ദ്വേഷപ്പെടുകയും ഇങ്ങനെ പറയുകയും ചെയ്തു: 'ഈസാ മരിച്ചുവെന്നും ആകാശത്ത് പോയിട്ടില്ലെന്നും ഞങ്ങൾ അംഗീകരിച്ചാൽ ഇന്ന് ലോകത്ത് ഒരു ക്രിസ്ത്യാനിയും ബാക്കി ഉണ്ടാകുകയില്ല."

പറഞ്ഞു: "നോക്കൂ! അല്ലാഹു സർവജ്ഞനും യുക്തിജ്ഞനുമാണ്. അവൻ ശത്രു നശിക്കുന്ന മാർഗമാണ് സ്വീകരിച്ചിട്ടുള്ളത്. മുസ്‌ലിമീങ്ങൾ ഇക്കാര്യത്തിൽ എന്തിനാണ് വിഘ്നപ്പെടുന്നത്. നബി(സ)തിരുമേനിയെക്കാൾ ശ്രേഷ്ഠനായിരുന്നുവോ ഈസാ? എന്നോടു വൈരാഗ്യമുണ്ടെങ്കിൽ അതിർലംഘിക്കരുത്. ഇസ്‌ലാം ദീനിന് നഷ്ടമുണ്ടാക്കുന്ന പ്രവൃത്തികൾ ചെയ്യാതിരിക്കുക. അല്ലാഹു അപൂർണമായ വശം സ്വീകരി

ക്കുകയില്ല. നിങ്ങൾക്ക് കുരിശിനെ ഉടയ്ക്കാൻ സാധിക്കുകയില്ല.”(മൽഫൂദാത്ത്, വാല്യം 8, പേജ് 174–175)

പിന്നീട് ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “അല്ലാഹു എന്നെ ഈ കാലത്ത് നിയോഗിച്ചയച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം ഇതാണ്. അതായത് ദൈവത്തിനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന് ഏർപെട്ടിട്ടുള്ള തടസ്സത്തെ നീക്കം ചെയ്ത് സ്നേഹവും ആത്മാർഥതയും നിറഞ്ഞ ബന്ധത്തെ പുനഃസ്ഥാപിക്കുകയും സത്യത്തെയും സമാധാനത്തെയും തെളിയിച്ചുകൊണ്ട് മതയുദ്ധങ്ങളെ ഇല്ലാതാക്കി പരസ്പരം സൗഹാർദവും സ്നേഹവും സാഹോദര്യവും സ്ഥാപിക്കുകയും ലോകദൃഷ്ടിയിൽ നിന്ന് മറഞ്ഞുപോയ മതപരമായ സത്യങ്ങളെ വെളിപ്പെടുത്തുകയും ഐഹികമായ അന്ധകാരങ്ങൾക്കടിപ്പെട്ടുപോയ ആത്മീയതയെ പ്രബോധിക്കുകയും പ്രാർഥനയും ദൈവാരാധനയും വഴിയായി മനുഷ്യനിൽ അന്തർലീനമായിക്കിടക്കുന്ന ദൈവികശക്തികളെ വെറുംവാക്കുകൾ മൂലമല്ലാതെ യഥാർഥത്തിൽ വെളിച്ചത്തുകൊണ്ടുവരികയും സർവ്വോപരി എല്ലാവിധ ശിർക്കിൽ നിന്ന് പരിശുദ്ധവും പ്രഭാപൂരിതവുമായ തൗഹീദിനെ ലോകത്ത് നിലനിറുത്തുകയും ചെയ്യുക എന്നതാണ്. ഈ മഹൽകൃത്യങ്ങൾ ആകാശഭൂമിയുടെ സ്രഷ്ടാവും രക്ഷകനും നിയന്താവുമായ ദൈവത്തിൽ നിന്നുമുള്ള ആർജവവും അനുഗ്രഹവും ലഭിച്ചാലല്ലാതെ എനിക്കു തനിച്ചു നിർവ്വഹിക്കുവാൻ സാധ്യമല്ല.

ഒരു ഭാഗത്ത് ദൈവം സ്വകരങ്ങളാൽ എനിക്കു ശിക്ഷണം നൽകി തന്റെ മധുരഭാഷണത്താൽ എന്നെ അനുഗൃഹീതനാക്കി സമുദായ പരിഷ്കരണത്തിന്നുള്ള ആർജവം എന്റെ ഹൃദയത്തിൽ നട്ടുവളർത്തിയതോടൊപ്പം എന്റെ ഉപദേശങ്ങളും അധ്യാപനങ്ങളും അനുസരിച്ചു നടക്കാൻ സന്നദ്ധതയുള്ള ഹൃദയങ്ങളെയും സജ്ജമാക്കിത്തന്നു.

ദൈവം എന്നെ നിയോഗിച്ചയച്ചതിനുശേഷം ലോകത്തിൽ ഒരു വമ്പിച്ച പരിവർത്തനം നടന്നുകൊണ്ടിരിക്കുന്നതായി എനിക്കു കാണാൻ സാധിക്കുന്നു.”(ലക്ച്ചർ ലാഹോർ, റൂഹാനീഖസാഇൻ വാല്യം 20, പേജ് 180–181)

ഇത് അവിടത്തെ ലാഹോറിലെ പ്രഭാഷണമായിരുന്നു. അല്ലാഹു തന്റെ കാരുണ്യത്തിന്റെ പ്രകടനവും മനുഷ്യരെ രക്ഷിക്കുന്നതിനുംവേണ്ടി തന്റെ ദൂതനേയും പരിഷ്കർത്താവിനേയും പ്രത്യേക ദാസരേയും അയക്കുന്നുവെന്ന കാര്യം വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:

“ലോകത്ത് ഏതെങ്കിലും തരത്തിലുള്ള ഭയങ്കരതയും പ്രയാസങ്ങളും പാരമ്യതയിലെത്തുമ്പോൾ ദൈവകാരുണ്യം അതിനെ അകറ്റുന്നതിനുവേണ്ടി ശ്രദ്ധിക്കുന്നുവെന്നത് ഹദ്റത്ത് റബ്ബുൽആലമീന്റെ പണ്ടേയുള്ള നിയമമാണ്. മഴയില്ലാതെ കൊടുംവരൾച്ചകൊണ്ട് സൃഷ്ടികൾ വല്ലാതെ പൊറുതിമുട്ടുമ്പോൾ അവസാനം ഉദാരനായ അല്ലാഹു മഴപെയ്യിക്കുന്നു. പകർച്ച വ്യാധികൊണ്ട് ലക്ഷക്കണക്കിന് ആളുകൾ മരിക്കാൻ തുടങ്ങുമ്പോൾ വായു സംശോധനത്തിന് എന്തെങ്കിലും പുറുത്തുവരുന്നു. അല്ലെങ്കിൽ എന്തെങ്കിലും മരുന്നുതന്നെ കണ്ടുപിടിക്കപ്പെടുന്നു. അക്രമിയുടെ കൈയിൽ ഒരു ജനത ബന്ധനത്തിലാകുമ്പോൾ അവസാനം നീതിമാനും സങ്കടംപരിഹരിക്കുന്നവനുമായ ആൾ ജന്മം കൊള്ളുന്നു. ഇപ്രകാരംതന്നെ ജനങ്ങൾ അല്ലാഹുവിന്റെ വഴി മറന്നുപോകുകയും ഏകദൈവവിശ്വാസത്തേയും സത്യസന്ധതയേയും ഉപേക്ഷിക്കുകയും ചെയ്യുമ്പോൾ അല്ലാഹു തന്നിൽനിന്ന് ഏതെങ്കിലും ദാസനെ സമ്പൂർണമായ ഉൾക്കാഴ്ച പ്രദാനം ചെയ്തും തന്റെ വചനവും ഇൽഹാമുംകൊണ്ട് ഉന്നതസ്ഥാനവും നല്കി മനുഷ്യകുലത്തിന്റെ സന്മാർഗത്തിനുവേണ്ടി അയക്കുന്നു; എത്രമാത്രം വിള്ളലുകളുണ്ടായോ അത് പരിഹരിക്കാൻ! ഇതിലുള്ള യാഥാർഥ്യമെന്താണെന്നാൽ ഈശ്വരൻ– അവൻ പ്രഞ്ചനാഥനാണ്‘ലോകത്തെ നിലനിറുത്തുന്നവനാണ്’ ലോകത്തിന്റെ നിലനിൽപും ലോകം ഉണ്ടായതും അവന്റെതന്നെ സഹായത്താലും ആശ്രയത്താലുമാണ്–തന്റെ കൃപ എത്തിക്കുക എന്ന വിശേഷഗുണത്തെ സൃഷ്ടിയ്ക്ക് നിഷേധിച്ചും നഷ്ടപ്പെടുത്തിയും വെറുതെ വിട്ടുകളയുന്നില്ല. എന്നല്ല അവന്റെ എല്ലാ ഓരോ വിശേഷഗുണവും അതിന്റെ അവസരത്തിൽ ക്ഷണത്തിൽ വെളിപ്പെടുന്നു.” (ബറാഹീനെ അഹ്മദിയ്യാ ഭാഗം 2, റൂഹാനീ ഖസാഇൻ വാല്യം 1 പേജ് 113–114 ബാക്കി അടിക്കുറിപ്പ് നമ്പർ 10)

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: “ഏതൊരുവന്റെ ഹൃദയം പരിശുദ്ധവും അല്ലാഹുവിന്റെ മഹത്ത്വത്തേയും പ്രതാപത്തേയും പ്രകടിപ്പിക്കുന്നതുമാകുന്നുവോ ആ ആൾ വലിയ അനുഗൃഹീതനും സൗഭാഗ്യവാനുമാണ്. കാരണം അല്ലാഹു അവനെ മറ്റുള്ളവരുടെമേൽ മുന്തിക്കുന്നു. ആരാണോ എന്നെ എതിർക്കുന്നത് അവരുടേയും എന്റേയും വിധി അല്ലാഹുവിന്റെ മുമ്പിലുണ്ട്. നമ്മുടേയും അവരുടേയും മനസ്സുകളെ അവൻ നന്നായി അറിയുന്നു. ആരുടെ ഹൃദയമാണ് ലോകത്തിന്റെ പ്രശസ്തിക്കും പ്രദർശനത്തിനും വേണ്ടിയുള്ളതെന്നും ആരാണ് അല്ലാഹുവിനുവേണ്ടി തന്റെ ഹൃദയത്തിൽ വേദനയും അലിവും വെക്കുന്നതെന്നും അവൻ നോക്കുന്നു. പറഞ്ഞു “പരിശുദ്ധ ഹൃദയം ആകാത്തിടത്തോളം ആത്മീയത കരേറിപ്പോകുകയില്ലെന്ന് നല്ലവണ്ണം ഓർത്തുകൊള്ളുക. ഹൃദയത്തിൽ പരിശുദ്ധിയും പവിത്രതയും ഉണ്ടാകുമ്പോൾ, അതിൽ അഭിവൃദ്ധിപ്പെടുന്നതിന് ഒരു പ്രത്യേക ശക്തിയും കഴിവുമുണ്ടാകുന്നു. പിന്നീട് അവന് എല്ലാതരത്തിലുള്ള സാധനസാമഗ്രികളും ലഭ്യമാക്കപ്പെടുകയും അവൻ അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നു. നബി(സ)തിരുമേനിയെ നോക്കുക. അവിടന്ന് തികച്ചും ഒറ്റക്കായിരുന്നു. അതേ നിലാലംബതയുടെ അവസ്ഥയിൽ വാദിക്കുകയും ചെയ്യുന്നു, *യാ അയ്യുഹന്നാസു ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീആ* (7:159)സഹായവും പിന്തുണയും ഒന്നുമില്ലാത്ത ഒരു വ്യക്തിയുടെ ഇത്തരത്തിലുള്ള വാദം വിജയിക്കുമെന്ന് അക്കാലത്ത് ആർക്കാണ് വിചാരിക്കാൻ കഴിയുക. അതിനോടൊപ്പം എത്രത്തോളം ബുദ്ധിമുട്ടുകൾ ഉണ്ടായെന്നാൽ നമുക്കതിന്റെ ആയിരത്തിലൊരു ഭാഗംപോലും വന്നിട്ടില്ല.”(മൽഫൂദാത്ത് വാല്യം 8, പേജ് 157–158)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ലോകത്തെ പൊതുവായി ഉപദേശിച്ചുകൊണ്ട് പറയുന്നു: ‘നിങ്ങൾ നിങ്ങളുടെ വിശ്വാസത്തെക്കുറിച്ച് അറിയുക എന്നതാണ് എന്റെ അവസാനത്തെ ഉപദേശം. നിങ്ങൾ അഹങ്കാരവും അലംഭാവവും കാണിച്ചുകൊണ്ട് പ്രതാപവാനായ അല്ലാഹുവിനു മുമ്പിൽ ധിക്കാരികളാകാതിരിക്കുക. നോക്കുക, അല്ലാഹു നിങ്ങളെ ശ്രദ്ധിക്കേണ്ട സമയത്തുതന്നെ ശ്രദ്ധിച്ചിരിക്കുകയാണ്. അതുകൊണ്ട് നിങ്ങൾ എല്ലാ സൗഭാഗ്യങ്ങളുടെയും അവകാശികളായിത്തീരാൻ പരിശ്രമിക്കുക. ആദരവ് നല്കപ്പെട്ടവൻ കാലടിയിൽ ഞെരുക്കപ്പെടുന്നത് അല്ലാഹു ആകാശത്തുനിന്ന് കണ്ടു. ഏറ്റവും ഉന്നതനായിരുന്ന ദൈവദൂതനെ ചീത്തകൾ വിളിക്കുന്നു. അദ്ദേഹത്തെ തെമ്മാടികളിലും കള്ളന്മാരിലും കറ്റുകെട്ടുകാരിലും ചേർക്കുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർആനിനെ ദുർവചനങ്ങളെകൊണ്ട് സ്മരിച്ച് മനുഷ്യന്റെ വചനമായിമനസ്സിലാക്കപ്പെടുന്നു. അപ്പോൾ *ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ*(15:10) എന്ന തന്റെ പ്രതിജ്ഞ അവൻ ഓർത്തു. അതുകൊണ്ട് ഇന്ന് ആ പ്രതിജ്ഞ പൂർത്തിയാകേണ്ട നാളാണ്. അവൻ വലിയ ശക്തിമത്തായ ആക്രമണങ്ങളാലും പലതരത്തിലുള്ള അടയാളങ്ങളാലും ഈ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ജമാഅത്ത് അവന്റെ ജമാഅത്താണെന്ന് സ്ഥാപിച്ചു കാണിച്ചിരിക്കുന്നു. ഇപ്പോൾ നിങ്ങൾ കണ്ടിട്ടുള്ളതുപോലെ എപ്പോഴെങ്കിലും അല്ലാഹുവിന്റെ ഖണ്ഡിതവും ദൃഢഗാഢവുമായ നിലയിൽ അല്ലാഹുവിന്റെ അടയാളം കണ്ടിട്ടുണ്ടോ? അല്ലാഹു നിങ്ങൾക്കുവേണ്ടി ഗുസ്തിപിടിക്കുന്നവനെപ്പോലെ അന്യജനതകളോടു പോരാടുകയും അവരിൽ വിജയം വരിക്കുകയും ചെയ്തു. നോക്കുക! ആഥിമിന്റെ കാര്യത്തിലും ഒരു ഗുസ്തിയായിരുന്നു. ഇന്ന് ആഥിം എവിടെയാണെന്ന് അന്വേഷിക്കുക. കേൾക്കുക! ഇന്ന് അയാൾ മണ്ണിലാണ്. ഇൽഹാമിലുണ്ടായിരുന്ന അതേ നിബന്ധനപ്രകാരമാണ് അത് സംഭവിച്ചത്. കുറച്ചു ദിവസത്തേക്ക് അയാൾ വിടപ്പെട്ടിരുന്നു. പിന്നീട് ഇൽഹാമിലുണ്ടായിരുന്ന അതേ നിബന്ധനയനുസരിച്ച് പിടിക്കപ്പെട്ടു. രണ്ടാമത്തെ ഗുസ്തി ലേഖ്റാമിന്റെ കാരത്തിലായിരുന്നു. ആ ഗുസ്തിയിലും അല്ലാഹു എങ്ങനെയാണ് വിജയിച്ചതെന്ന് ചിന്തിച്ചുനോക്കുക. ഇൽഹാമീ പ്രവചനങ്ങളിൽ ആദ്യമെതന്നെ അയാളുടെ മരണത്തെ കുറിച്ച് അടയാളങ്ങൾ നിശ്ചയിക്കപ്പെട്ടിരുന്നതുപോലെ തന്നെ ആ എല്ലാ അടയാളങ്ങളും വെളിപ്പെട്ടത് നിങ്ങൾ നിങ്ങളുടെ കണ്ണുകൾകൊണ്ട് കണ്ടതാണ്. അല്ലാഹുവിന്റെ ഭീഷണമായ അടയാളം ഒരു ജനതയുടെമേൽ കഠിനമായ ദുഃഖം ഇറക്കി. നിങ്ങളിലും നിങ്ങളുടെ മുമ്പിലും ഇത്ര പ്രതാപത്തോടെ അല്ലാഹുവിന്റെ അടയാളം വെളിപ്പെട്ടത് നിങ്ങൾ ഇതിനുമുമ്പേ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? അതുകൊണ്ട് മുസ്‌ലിമീങ്ങളുടെ സന്താനങ്ങളേ! അല്ലാഹുവിന്റെ പ്രവർത്തന

## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,***
***‘എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.’***
***(മുസ്‌ലിം)***

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**‘എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.’(മുസ്‌ലിം)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.

ങ്ങളെ നിന്ദിക്കാതിരിക്കുക. മൂന്നാമത്തെ ഗുസ്തി ധർമമഹോത്സവത്തിന്റെ ജൽസയുടെ കാര്യത്തിലായിരുന്നു. നോക്കൂ! ആ ഗുസ്തിയിലും അല്ലാഹു ഇസ്‌ലാമിന്റെ യശസ്സ് ഉയർത്തി. തന്റെ അടയാളം നിങ്ങളെ കാണിച്ചു. കാലേക്കൂട്ടി തന്റെ ദാസനുമേൽ വെളിപ്പെടുത്തി, 'എല്ലാ ഉപന്യാസങ്ങളേയും ഇയാളുടെ ഉപന്യാസം വെല്ലുന്നതായിരിക്കുമെന്ന്.' അങ്ങനെ തന്നെ ചെയ്തു കാണിക്കുകയും ചെയ്തു. ഉപന്യാസത്തിന്റെ അനുഗൃഹീത സ്വാധീനം ശ്രോതാക്കളെ അത്ഭുതത്തിലാഴ്ത്തി. ഇത് അല്ലാഹുവിന്റെ പണിയായിരുന്നുവോ അതല്ല മറ്റു വല്ലവരുടേയും?" ഇവിടെ അദ്ദേഹം തന്റെ 'ഇസ്‌ലാമതതത്ത്വജ്ഞാനം' എന്ന ഉപന്യാസം വായിക്കപ്പെട്ട ആ സമ്മേളനത്തെ കുറിച്ചാണ് പറയുന്നത്. അതിന്റെ വിജയത്തെ കുറിച്ച് അല്ലാഹു ആദ്യമെതന്നെ അദ്ദേഹത്തോടു പറഞ്ഞിരുന്നു. അത് അദ്ദേഹം വിളംബരം ചെയ്യുകയും ചെയ്തിരുന്നു. പിന്നീട് ഇത് 'വിജയകരമായ ഉപന്യാസം' ആയിരുന്നുവെന്ന് അന്യർ പരസ്യമായി പറയുകയും ചെയ്തിരുന്നു.

വീണ്ടും അവിടന്ന് പറയുന്നു: 'പിന്നീട് നാലാമത്തെ ഗുസ്തി ഡോക്ടർ ക്ലാർക്കിന്റെ കേസായിരുന്നു. ഇതിൽ മൂന്നു ജനതയും ആര്യ, ക്രിസ്ത്യാനി, എതിരാളികളായ മുസൽമാൻ ഒന്നിച്ചു; എന്റെമേൽ വധക്കുറ്റം സ്ഥാപിക്കുന്നതിനുവേണ്ടി. അതിൽ അക്കൂട്ടർ തങ്ങളുടെ ഉദ്ദേശ്യത്തിൽ പരാജയപ്പെടുമെന്ന് അല്ലാഹു ആദ്യമെതന്നെ വെളിപ്പെടുത്തി. ഇരുന്നൂറിനടുത്ത് ആളുകളോടു ഈ ഇൽഹാം കാലേക്കൂട്ടി പറഞ്ഞിരുന്നു. അവസാനം നമുക്ക് വിജയമുണ്ടായി. അഞ്ചാമത്തെ ഗുസ്തി മിർസാ അഹ്‌മദ് ബേഗ് ഹോശിയാർപൂരിയുടെ കേസായിരുന്നു. അയാളുടെ കുടുംബക്കാരും പ്രിയപ്പെട്ടവരും ഇസ്‌ലാമിനെ പരിഹസിച്ചിരുന്നു. അവരിൽ ചില കഠിനരായ മതപരിത്യാഗികൾ വിശുദ്ധ ഖുർആനെ ശക്തമായി നിഷേധിക്കുകയും ഇസ്‌ലാമിനുമേൽ ദുർഭാഷണം ചെയ്ത് എന്നിൽനിന്ന് ഇസ്‌ലാമിന്റെ സത്യത്തിനുള്ള അടയാളം ചോദിക്കുകയും വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. അതിനാൽ അല്ലാഹു അവർക്ക് ഈ അടയാളം നല്കി. അഹ്‌മദ് ബേഗം അയാളുടെ ചില കുടുംബക്കാരുടെ കുറച്ചു മരണങ്ങളും വിപത്തുകളും കണ്ടതിനുശേഷം മൂന്നു വർഷത്തിനുള്ളിൽ മരിക്കുന്നതായിരിക്കും. അത് അങ്ങനെതന്നെ ഉണ്ടായി. എല്ലാ ഓരോ അഹങ്കാരത്തിനും ശിക്ഷയുണ്ടെന്ന് മനസ്സിലാക്കുന്നതിന് അയാൾ പറഞ്ഞ കാലയളവിനുള്ളിൽത്തന്നെ മരിച്ചു." (അയ്യാമുസ്സ്വുൽഹ്, റൂഹാനീ ഖസാഇൻ വാള്യം 14 പേജ് 325–327)

അല്ലാഹു അയച്ചവനുമായി യുദ്ധം ചെയ്യരുതെന്ന് അദ്ദേഹം ലോകത്തിന് മുന്നറിയിപ്പ് നല്കുകയുണ്ടായി. അല്ലാഹു അയക്കുമ്പോൾ അവൻ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നതാണ്. അവൻ ദൃഷ്ടാന്തങ്ങളും കാണിക്കുന്നു. അദ്ദേഹം പറഞ്ഞു: അല്ലാഹു പ്രൗഢോജ്ജ്വലമായ വാക്കുകളാൽ എന്നോട് പറഞ്ഞിരിക്കുന്നു: 'ലോകത്ത് ഒരു താക്കീതുകാരൻ വന്നു. എന്നാൽ, ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. പക്ഷേ, അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത വെളിപ്പെടുത്തുകയും ചെയ്യുന്നതാണ്.' (ബറാഹീനെ അഹ്‌മദിയ്യാ ഭാഗം 4, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 665, അടിക്കുറിപ്പിന് അടിക്കുറിപ്പ് നമ്പർ 4)

അല്ലാഹു അദ്ദേഹത്തിന്റെ സത്യത ലോകത്ത് പ്രകടമാക്കികൊണ്ടിരിക്കുന്നുവെന്ന് ഇരുന്നൂറിലധികം രാജ്യങ്ങളിൽ വ്യാപിച്ചു കിടക്കുന്ന അഹ്‌മദിയ്യാ ജമാഅത്ത് ഇന്ന് സ്വയം വിളംബരം ചെയ്യുകയാണ്. അല്ലാഹു നമ്മെയേയും അദ്ദേഹത്തിന്റെ മിഷൻ പ്രചരിപ്പിക്കുന്നതിൽ പങ്കാളികളാക്കുമാറാകട്ടെ. നമ്മുടെ വിശ്വാസത്തേയും വിശ്വാസദൃഢതയേയും ശക്തിപ്പെടുത്തുമാറാകട്ടെ. നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

ഇനി ഞാൻ ലോകത്ത് ഇപ്പോൾ പടർന്നുപിടിച്ചിരിക്കുന്ന പകർച്ചവ്യാധിയെ സംബന്ധിച്ച് ലൗകികരായവരുടെ നിരൂപണങ്ങളും അപഗ്രഥനങ്ങളും അവതരിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

ഫിലിപ്പ് ജോൺസ്റ്റൺ(Philip Johnston) 2020 മാർച്ച് 18ന് പ്രസിദ്ധീകരിച്ച ഡയ്‌ലി ടെലഗ്രാഫിൽ എഴുതി: "നെറ്റ് ഫ്ളിക്സിന്റേയും(Netflix) അതുപോലത്തെ മറ്റു പ്ലാറ്റുഫോംസിന്റേയും റിപ്പോർട്ടുണ്ട്, അതായത് ഈയിടെയായി പ്രദർശിപ്പിക്കപ്പെടുന്ന 2011ലെ വളരെ സ്വീകാര്യമായ ഒരു ഫിലിമിന്റെ പേരാണ് കോൺടാഗിയോൺ(Contagion). ഇതിന്റെ കഥയിൽ ഒരു വൈറസി(Virus)ന്റെ വ്യാപനത്തേയും വൈദ്യശാസ്ത്ര ഗവേഷകരുടേയും ആരോഗ്യവകുപ്പിന്റേയും ഈ രോഗം തിരിച്ചറിയുന്നതിനും അതിനെ കീഴടക്കുന്നതിനുമുള്ള കഠിനമായ പരിശ്രമങ്ങളേയും സാമൂഹികമായ വ്യവസ്ഥയും ഏർപാടും അവസാനിച്ചുപോകുന്നതിനേയും അവസാനം അതിന്റെ വ്യാപനം തടയുന്നതിനുള്ള വാക്സിൻ(vaccine) കണ്ടുപിടിക്കുന്നതിനേയും കുറിച്ച് പറയുന്നുണ്ട്." അദ്ദേഹം എഴുതുന്നു: "ഞാൻ ചിന്തിക്കുകയാണ്, ഒരു പക്ഷേ, ഇപ്രകാരം ലോകത്തിന്റെ നാശം എന്ന വിഷയത്തിൽ നിർമിച്ചിട്ടുള്ള ഫിലിമുകളിൽ താൽപര്യം കാണിക്കുക എന്നത് നമ്മുടെ ദീർഘകാലമായി നിലനിന്നുവരുന്ന കെട്ടുറപ്പിന്റേയും അഭിവൃദ്ധിയുടേയും ഫലമല്ലെ എന്നു ഞാൻ ചിന്തിക്കുകയാണ്. ലൗകികർ നേടിക്കൊണ്ടിരിക്കുന്ന അഭിവൃദ്ധികൾ ഒരു പക്ഷേ, ഇതിന്റെ ഫലമാണ്. ഇതിനെ സംബന്ധിച്ച് നമ്മളിൽ ഭൂരിപക്ഷവും വിചാരിക്കുന്നത് ഈ അഭിവൃദ്ധി എന്നെന്നും നിലനില്ക്കുമെന്നാണ്." പറയുന്നു, "കേവലം രണ്ടാഴ്ചയ്ക്കിടയിൽ നമ്മുടെ ലോകം തികച്ചും മറിഞ്ഞുകഴിഞ്ഞിരിക്കുന്നു." പിന്നീട് എഴുതുന്നു: "ശീതസമരത്തിന്നിടയിൽ(Cold War) ആണവയുദ്ധത്തിന്റെ ഭീഷണിയ്ക്കും വർത്തമാന കാലത്ത് നേരിടേണ്ടിവരുന്ന വിവിധ സാമ്പത്തിക പ്രതിസന്ധികൾക്കും ഇന്ന് ഈ പകർച്ചവ്യാധിക്ക് ഉണ്ടാകുന്നതുപോലുള്ള സ്വാധീനമുണ്ടായിരുന്നില്ല." തുടർന്നെഴുതുന്നു: "എത്രത്തോളമെന്നാൽ കഴിഞ്ഞ ലോകമഹായുദ്ധത്തിന്നിടയിലും ജനങ്ങൾ തിയറ്ററുകളിലും സിനിമയ്ക്കും റെസ്റ്റോറന്റിലും കഫേകളിലും ക്ലബ്ബുകളിലും പബ്സു(pubs)കളിലും പോകാറുണ്ടായിരുന്നു. കുറഞ്ഞപക്ഷം ഈ വസ്തുക്കൾ ജനങ്ങൾക്ക് ലഭ്യമായിരുന്നു. പക്ഷേ, നമുക്ക് ഈയിടെയായി അതും ചെയ്യാൻ കഴിയുന്നില്ല." വീണ്ടും പറയുന്നു: "നമ്മളിൽ അധികം പേരും രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുള്ള കാലത്ത് പരിപാലിച്ച് വളർന്നവരാണ്. നമ്മൾ എപ്പോഴും ഐശ്വര്യവും സ്ഥിരചിത്തതയും സമാധാനവും പ്രതീക്ഷിച്ചു. മുമ്പേയുള്ള തലമുറ അത് സങ്കൽപത്തിൽപോലും കണ്ടിട്ടുണ്ടാകുകയില്ല. അതുസംബന്ധമായി ചിന്തിക്കുന്ന അവസ്ഥകളിലുമായിരുന്നിട്ടുണ്ടാവില്ല." വീണ്ടും എഴുതുന്നു: "ശാസ്ത്രം ഈ രോഗത്തിന്റെ വാക്സിൻ അല്ലെങ്കിൽ ചികിത്സയും കൊണ്ട് നമ്മുടെ രക്ഷയ്ക്കെത്തുമെന്ന് പ്രതീക്ഷിക്കുകയാണ്. ഒരു പക്ഷേ, അങ്ങനെ ഉണ്ടാകും." വീണ്ടും പറയുന്നു: "സീറ്റിലിൽ (Seattle), അമേരിക്കയിൽ ഇന്ന് സന്നദ്ധസേവകരിൽ പരീക്ഷണത്തിന്റെ തുടക്കം കുറിച്ചിരിക്കുകയാണ്. പക്ഷേ, മോശമായ വാർത്ത എന്താണെന്നാൽ ഇതറിയുന്നതിനും മാസങ്ങൾ വേണ്ടിവരും എന്നതാണ്; ഈ വാക്സിന് എന്തെങ്കിലും ഫലമുണ്ടാകുമോ എന്നറിയാൻ." തുടർന്ന് അദ്ദേഹം എഴുതുന്നു: "മുഴുവൻ ചരിത്രത്തിലും ആളുകൾ ഇത്തരത്തിലുള്ള അവസ്ഥകളിൽ തങ്ങളുടെ വിശ്വാസങ്ങളുടെ തണലിൽ സ്വയമേവ ഈ അവസ്ഥകളിലൂടെ കഴിച്ചു. പഴയകാല ചരിത്രത്തിൽ ഇത്തരത്തിലുള്ള ഭയാനകമായ അവസ്ഥകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവർ തങ്ങളുടെ വിശ്വാസത്തെ ആശ്രയിച്ചു. തങ്ങളുടെ അവസ്ഥകൾ കഴിച്ചുകൂട്ടുകയും ചെയ്തു. അവരോടും അവരുടെ പ്രിയപ്പെട്ടവരോടും എന്തൊന്നാണോ ഉണ്ടായത് അതിന് എന്തെങ്കിലും അർഥവും ഉദ്ദേശ്യവും നല്കുന്നതിന് അല്ലാഹുവിലേക്ക് മടങ്ങി." തുടർന്നെഴുതുന്നു: "നിർമതക്കാർ ഇത്തരം അവസരങ്ങളിൽ എപ്പോഴും സ്വയം തങ്ങൾക്ക് ആശ്വാസം നല്കുന്നതിനുവേണ്ടി ഒരു ജനാധിപത്യ, മനുഷ്യത്വത്തിന് ഇഷ്ടകരമായ വീക്ഷണമാണ് സ്വായത്തമാക്കുന്നത്. ഇത് നിർമതക്കാർ സ്വായത്തമാക്കുന്ന അടിസ്ഥാനപരമായ നിലയിലുള്ള ഒരു തിളക്കമാർന്ന ചിന്താഗതിയുടെ സങ്കല്പമാണ്. മാനുഷികമായ പരിശ്രമത്താൽ പ്രകൃതിപരമായ കർമത്തെ എപ്പോഴും ഉത്തമമാക്കാൻ കഴിയുമെന്നാണ് അവരുടെ സിദ്ധാന്തം. അതിനെ ദൈവവിധിയുമായോ ദൈവകോപവുമായോ ബന്ധിപ്പിക്കേണ്ട ആവശ്യമില്ല." വീണ്ടും പറയുന്നു, "ആഗോളതാപനത്തി(Global warming)ന്റെ പ്രശ്നമാവട്ടെ അല്ലെങ്കിൽ ഏതെങ്കിലും പകർച്ചവ്യാധിയുടെ പ്രശ്നമാവട്ടെ എല്ലാ ശരിയാകുമെന്നും, ശാസ്ത്രജ്ഞന്മാർ എന്തെങ്കിലും പരിഹാരം കണ്ടെത്തുമെന്നും ജനങ്ങൾ പറയുന്നത് നമ്മൾ എത്രയോവട്ടം കേട്ടിട്ടുള്ളതാണ്. ഇത്തരത്തിലുള്ള പ്രതീക്ഷവച്ചു പുലർത്തുന്നത് ശരിയോ തെറ്റോ എന്ന് അടുത്തുതന്നെ നമുക്ക് അറിയാൻ കഴിയുന്നതായിരിക്കും." അങ്ങനെയല്ലെങ്കിൽ വീണ്ടും പറയുന്നു, (സ്വയം ലൗകികനാ


**ഹദീഥുന്നബ്‌വി (സ):**

***നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹു പറയുന്നു,***
***എന്റെ ദാസൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ***
***അവനിലേക്ക് ഞാൻ ഒരു മുഴം അടുക്കും. ഒരു മുഴം അവനടുത്താൽ***
***ഒരു വാര ഞാനടുക്കും. എന്റെ അടുത്ത് അവൻ നടന്നുവന്നാൽ***
***അവന്റെ അടുക്കലേക്ക് ഞാൻ ഓടിച്ചെല്ലും.'(ബുഖാരി)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: നരകം ദേഹേച്ഛകൊണ്ടും**
**സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും**
**തടുക്കപ്പെട്ടിരിക്കുന്നു. (ആ തട ഭേദിച്ചാലല്ലാതെ**
**അതിൽ കടക്കുക സാധ്യമല്ല) (ബുഖാരി മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

ണല്ലോ) “പിന്നീട് ഞാൻ ചർച്ചിലേക്ക് മടങ്ങിപ്പോയേക്കാം. ഇപ്പോൾ ഞാൻ മതത്തിൽനിന്ന് അകന്നിട്ടാണുള്ളത്. ദൈവത്തിൽനിന്ന് അകന്നിട്ടാണുള്ളത്. അത് ബാഹ്യമായ തെളിവുകളായി കാണാൻ കഴിയുന്നു. ഇദ്ദേഹം ഇങ്ങനെയാണ് പ്രകടിപ്പിക്കുന്നത്. ശാസ്ത്രജ്ഞന്മാർ പറയുന്നതുപോലെ സംഭവിക്കുന്നില്ലെങ്കിൽ ചർച്ചിലേക്ക് മടങ്ങിപ്പോകുന്നതിനെ സംബന്ധിച്ച് നമുക്കും ചിന്തിക്കേണ്ടിവരും. മതത്തിലേക്ക് മടങ്ങേണ്ടിവരും.”

എന്തായാലും ഈ വൈറസ് ലോകത്തെ ദൈവത്തിലേക്ക് തിരിയുന്ന വിഷയത്തിൽ ചിന്തിക്കുവാൻ നിർബന്ധിതമാക്കിയിരിക്കുകയാണ്. എന്നാൽ, യഥാർഥവും ജീവസുറ്റതുമായ ദൈവം ഇസ്‌ലാം സമർപ്പിക്കുന്ന ദൈവം മാത്രമാകുന്നു. അവൻ തന്നിലേക്ക് വരുന്നവർക്ക് വഴി കാണിക്കുന്നതാണെന്ന് വിളംബരം ചെയ്തു. ഒരു ചുവടു മുന്നോട്ടുവെക്കുന്നവരെ ഒരുപാട് ചുവടുകൾ മുന്നോട്ടുവന്ന് അഭയത്തിലെടുക്കുമെന്ന് വിളംബരം ചെയ്തു. തന്റെ അഭയത്തിലെടുക്കുമെന്ന് വിളംബരം ചെയ്തു. അതുകൊണ്ട് ഈ സാഹചര്യത്തിൽ നമ്മൾ സ്വയം നന്നാകുന്നതോടൊപ്പം ഫലപ്രദമായ രീതിയിൽ തബ്‌ലീഗ് ചെയ്യേണ്ടതും ആവശ്യമാണ്. ലോകത്തിന് ഇസ്‌ലാമിനെക്കുറിച്ച് മുമ്പത്തേക്കാളുപരി പരിചയപ്പെടുത്തേണ്ടത് ആവശ്യമാണ്. നിങ്ങൾ അനശ്വരമായ ജീവിതം ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ തിരിച്ചറിയുകയെന്നും ഉത്തമമായ പര്യവസാനം നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളുടെ സ്രഷ്ടാവായ ദൈവത്തെ തിരിച്ചറിയുകയെന്നും എന്തെന്നാൽ പാരത്രിക ജീവിതമാണ് യഥാർഥ പര്യവസാനമെന്നും അതിനാൽ അവനോട് ഒന്നിനെയും പങ്കു ചേർക്കാതിരിക്കുകയും അവന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുകയും ചെയ്യുകയെന്നും ലോകത്തോട് പറയാൻ ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്.

അതിനാൽ ഈ പരിശ്രമം എപ്പോഴുമുണ്ടാകേണ്ടതാണ്. അല്ലാഹു അതിനുള്ള കഴിവും എല്ലാവർക്കും നല്കുമാറാകട്ടെ. ഇപ്പോൾ ലൗകികരും പറയുന്നത് ഈ വിപത്തുകൾ വർധിച്ചു പോകുമെന്നാണ്. അതിനാൽ നമ്മുടെ ഉത്തമമായ പര്യവസാനത്തിന് ഞാൻ പറഞ്ഞതുപോലെ നമ്മളും അല്ലാഹുവിലേക്ക് മടങ്ങേണ്ടതാണ്. യഥാർഥ പര്യവസാനം പരലോക ജീവിതമാണെന്ന് ലോകത്തോടും പറയുക. അതിന് നിങ്ങൾക്ക് അല്ലാഹുവിലേക്കു എന്തായാലും വരേണ്ടതായിവരും. ഇതിനെക്കുറിച്ച് ഒരു വിദഗ്ദൻ ഇപ്രകാരം മുന്നറിയിപ്പ് നല്കിയിരിക്കുന്നു; അതായത് “ഈ അപകടകാരിയായ വൈറസിന്റെ ജനിതക മാറ്റങ്ങൾ പൊതുവായി വ്യാപിക്കാൻ വലിയ സാധ്യതയുണ്ട്. ഇതിനോടൊപ്പം ഏതാനും വർഷങ്ങൾക്കുള്ളിൽ ഒരു പുതിയ തരം കൊറോണാ വൈറസ് ലോകത്ത് വ്യാപിക്കാനും സാധ്യതയുണ്ട്. ഇനിയുള്ള ഓരോ മൂന്നു വർഷം കൂടുന്തോറും എന്തെങ്കിലും മറ്റൊരു രോഗം വരാമെന്നും അദ്ദേഹം എഴുതുന്നു.

പിന്നെ ബ്ലൂംബർഗും(Bloomberg) ഒരു ലേഖനം എഴുതി. അദ്ദേഹം പറയുന്നു: “ശാസ്ത്രജ്ഞന്മാർക്ക് കൊറോണാ വൈറസിനെ കീഴ്പ്പെടുത്താൻ സാധിക്കുന്നതാണ്. പക്ഷേ, പകർച്ച വ്യാധികൾക്കെതിരായുള്ള മനുഷ്യന്റെ പോരാട്ടം ഒരിക്കലും അവസാനിക്കാത്ത പോരാട്ടമായിരിക്കും. മാനവകുലത്തിന്റേയും ബാക്ടീരിയകളുടേയും ഇടയിലുള്ള പരിമാണത്തിന്റെ ഓട്ടത്തിൽ ബാക്ടീരിയ മുമ്പേ വന്നുകൊണ്ടിരിക്കുകയാണ്. വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ(WHO) അനുസരിച്ച് 1970 ന് ശേഷം മുതൽ ഇപ്പോൾവരെ 1500 ൽ അധികം വൈറസുകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. 21–ാം നൂറ്റാണ്ടിൽ പകർച്ചവ്യാധികൾ മുമ്പേയുള്ളതിനെക്കാൾ വേഗത്തിൽ ദൂരവരെ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്.” വീണ്ടും പറയുന്നു: “ഇതിനു മുമ്പേ പരിമിതമായ പ്രദേശങ്ങളിൽ ഇരിക്കുന്ന പകർച്ചവ്യാധികളായിരുന്നു. ഇപ്പോൾ അത് വളരെ വേഗം ആഗോളതലത്തിലും വ്യാപിച്ചുകൊണ്ടിരിക്കുന്നു. എന്തായാലും ഇതിന് ദീർഘമായ വിശദീകരണങ്ങളാണുള്ളത്. ഇതു മുഴുവനും വിവരിക്കാൻ സാധിക്കുകയില്ല.” പക്ഷേ, നമ്മുടെ പര്യവസാനം ശുഭകരമായിരിക്കുന്നതിന് ഞാൻ പറഞ്ഞതുപോലെ അല്ലാഹുവുമായി മുമ്പേയുള്ളതിനെക്കാൾ അധികം ബന്ധം സ്ഥാപിക്കേണ്ട ആവശ്യമുണ്ട്. അല്ലാഹു അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

കൊറോണാ വൈറസുമായി ബന്ധപ്പെട്ട് ഞാൻ മുമ്പേതന്നെ മാർഗനിർദേശം നല്കി കഴിഞ്ഞിട്ടുള്ളതാണ്. വീണ്ടും ഓർമിപ്പിക്കട്ടെ. കാരണം, ഇത് ലോകം മുഴുവനും അതിവേഗം പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെയും അതിന്റെ സ്വാധീനം വളരെയധികമായിക്കൊണ്ടിരിക്കുന്നു. ഭരണകൂടവും കൂടുതൽ കർശനമായ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കാൻ നിർബന്ധിതരാണ്; വലിയ നടപടികൾ സ്വീകരിക്കാൻ. രോഗങ്ങൾ വരുമ്പോൾ, പകർച്ച വ്യാധികൾ വരുമ്പോൾ എല്ലാവരും അതിന്റെ പിടിയിൽ അകപ്പെടാവുന്നതാണ്. അതുകൊണ്ടുതന്നെ വളരെയധികം സൂക്ഷിക്കേണ്ട ആവശ്യമുണ്ട്. സർക്കാറിന്റെ നിർദേശങ്ങൾ പാലിക്കുക. മുതിർന്ന ആളുകളും രോഗികളും അതുപോലെ അസുഖംകൊണ്ട് ശരീരത്തിലെ പ്രതിരോധശേഷി കുറഞ്ഞവരും വളരെ കൂടുതൽ സൂക്ഷിക്കേണ്ടതാണ്. പ്രായം ചെന്നവർ വളരെ കുറച്ചു മാത്രം വീടിനു പുറത്തിറങ്ങുക. ഇതിനെ സംബന്ധിച്ച് സർക്കാറിന്റെ വിളംബരവുമുണ്ട്. ഇവരെക്കൂടാതെ നല്ല ആരോഗ്യമുള്ളവരും വീട്ടിൽത്തന്നെ ഇരിക്കേണ്ടതാണ്. ഇവിടെ മസ്ജിദിൽ വരുന്നതിലും സൂക്ഷ്മത പാലിക്കുക. ജുമുആയും നിങ്ങളുടെ പ്രദേശത്തുള്ള മസ്ജിദിൽ നിർവഹിക്കുക. ഇന്ന് ഇവിടുത്തെ ഹാജർ നിലയിൽനിന്ന് മനസ്സിലാകുന്നതും ഭൂരിഭാഗവും തങ്ങളുടെ പ്രദേശത്തുള്ള മസ്ജിദുകളിൽ ജുമുഅ നമസ്കരിക്കുന്നുവെന്നാണ്. സർക്കാറിന്റെ ഭാഗത്തു നിന്ന് ജുമുആക്കായി ഒത്തുകൂടുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയാൽ, അവരവരുടെ പ്രദേശങ്ങളിലെ മസ്ജിദുകളിൽ ജുമുആ നമസ്കരിക്കുക. സ്ത്രീകൾ മസ്ജിദുകളിൽ വരാതിരിക്കുക. അവർ കുട്ടികളുമായാണ് മസ്ജിദിൽ വരിക. അവർ അത് ഒഴിവാക്കേണ്ടതാണ്. ശരീരത്തിന്റെ പ്രതിരോധശേഷി വർധിപ്പിക്കുന്നതിന് വിശ്രമത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കാനും പൊതുവെ ഡോക്ടർമാർ പറഞ്ഞുകൊണ്ടിരിക്കുന്നു. അതിനുവേണ്ടി ഉറക്കം പൂത്തിയാക്കേണ്ടതാണ്; നിങ്ങൾതന്നെയും കുട്ടികളും. ഒരു പ്രായപൂർത്തിയായ മനുഷ്യന് ആറേഴ് മണിക്കൂർ ഉറക്കം വേണം. കുട്ടികൾക്ക് എട്ടോ ഒമ്പതോ അല്ലെങ്കിൽ പത്തു മണിക്കൂർ ഉറക്കമാണ് വേണ്ടത്. ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. 12 മണിവരെ ഇരുന്ന് ടിവി കണ്ടുകൊണ്ടിരിക്കുക എന്നതല്ല. അതിനുശേഷം ഒന്നാമതായി നമസ്കാരത്തിന് എഴുന്നേല്ക്കാൻ സാധിക്കുന്നില്ല. പിന്നീടാണെങ്കിൽ രാവിലെ വേഗം ചാടി എഴുന്നേൽക്കുന്നു, കുറച്ചു മണിക്കൂറിനുശേഷം ജോലിക്ക് പോകണം. അതിന്റെ ബുദ്ധിമുട്ടുകൾകൊണ്ട് പകൽമുഴുവൻ അലസതയും ബലഹീനതയും ജോലിയെടുക്കുമ്പോൾ ക്ഷീണവും തുടങ്ങിയകാരണത്താൽ ഈ രോഗം പെട്ടെന്ന് ആക്രമണവും നടത്തുന്നു. ഇപ്രകാരം തന്നെ വേഗം ഉറങ്ങാൻ കുട്ടികൾക്കും ശീലമുണ്ടാക്കുക. 8, 9 മണിക്കൂർ ഉറക്കം പൂർത്തിയാക്കിയതിനു ശേഷം ഉണരുക. അങ്ങാടിയിലെ സാധനങ്ങൾ കഴിക്കുന്നതിൽനിന്നു വിട്ടു നിൽക്കുക. അതിലൂടേയും രോഗം പടരുന്നു. പ്രത്യേകിച്ചും ക്രിസ്പ്(crisp)തുടങ്ങിയ പാക്കറ്റുകൾ. ഇത് തിന്നുന്നതിനുവേണ്ടി കുട്ടികൾക്ക് ആളുകൾ നല്കാറുണ്ട്. അല്ലെങ്കിൽ പ്രിസർവേറ്റീവസ്(preservatives) ഇട്ടുവരുന്ന വസ്തുക്കൾ ആരോഗ്യത്തിന് വളരെ ഹാനികരമാണ്. ഇത് ഒഴിവാക്കേണ്ടതാണ്. ഇവ പതുക്കെപ്പതുക്കെ മനുഷ്യശരീരത്തെ ക്ഷയിപ്പിച്ചുകൊണ്ടു പോകും.

ഈ സമയത്ത് ഇടക്കിടക്ക് വെള്ളം കുടിച്ചുകൊണ്ടിരിക്കണമെന്നും ഡോക്ടർമാർ പറയുന്നു. ഓരോ മണിക്കൂറിലും അര മുക്കാൽ മണിക്കൂർ കൂടുന്തോറും ഓന്നോ രണ്ടോ കവിൾ വെള്ളം കുടിക്കുക എന്നതും രോഗത്തിൽനിന്ന് രക്ഷപ്പെടുവാനുള്ള ഒരു മാർഗമാണ്. കൈകൾ വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. സാനിറ്റൈസർ കിട്ടുന്നില്ലെങ്കിൽത്തന്നെയും കൈ കഴുകിക്കൊണ്ടിരിക്കുക. മുമ്പേയും ഞാൻ പറഞ്ഞിട്ടുള്ളതുപോലെ കുറഞ്ഞത് അഞ്ചു നേരം വുളു ചെയ്യുന്നവർക്ക് വൃത്തിയായിരിക്കാൻ അവസരം ലഭിക്കുന്നു. ഇവർ ഇക്കാര്യത്തിലേക്കും ശ്രദ്ധിക്കുക. തുമ്മലിനെ കുറിച്ച് മുമ്പേയും ഞാൻ പറഞ്ഞു കഴിഞ്ഞതാണ്. മസ്ജിദുകളിലും പൊതുവായ നിലയിലും വീട്ടിലിരിക്കുമ്പോഴും ഉറുമാൽ മുന്നിൽ വെച്ച്, മൂക്കിൽവച്ച് അല്ലെങ്കിൽ ചില ഡോക്ടർമാർ പറയുന്നതുപോലെ കൈത്തണ്ട ഉപയോഗിച്ച് തുമ്മുക; തുമ്മുമ്പോൾ സ്രവങ്ങൾ ചുറ്റുപാടും തെറിക്കാതിരിക്കാൻ. എന്തായാലും വൃത്തി വളരെ ആവശ്യമാണ്. അതു ശ്രദ്ധിക്കേണ്ടതാണ്. പക്ഷേ, അവസാനത്തെ ആയുധം ദുആയാണ്. അല്ലാഹുവേ നീ ഞങ്ങളെ എല്ലാവരേയും ഇതിന്റെ ഉപദ്രവത്തിൽ നിന്ന് രക്ഷിക്കേണമേ എന്നു ദുആ ചെയ്യുക. ഏതെങ്കിലും കാരണത്താൽ ഈ രോഗം ബാധിച്ചിട്ടുള്ള എല്ലാ അഹ്മദികൾക്കു വേണ്ടിയും ദുആ ചെയ്യേണ്ടതാണ്. അല്ലെങ്കിൽ രോഗം ബാധിച്ചിട്ടുണ്ടെന്ന് ഡോക്ടർമാർക്ക് സംശയമുള്ളവർക്കു വേണ്ടിയും ദുആ ചെയ്യുക.

അതുപോലെ മറ്റു രോഗങ്ങളിൽ അകപ്പെട്ടിരിക്കുന്നവർക്കു വേണ്ടിയും ദുആ ചെയ്യുക. മറ്റു രോഗങ്ങൾ കാരണം ദുർബലരായവരിലും ഞാൻ പറഞ്ഞതുപോലെ വൈറസിന്റെ ആക്രമണമുണ്ടാകുന്നു. അവർക്കു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരെയും രക്ഷിക്കുമാറാകട്ടെ. പൊതുവായി എല്ലാവർക്കു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു ഈ മഹാമാരിയുടെ ദുസ്സ്വാധീനത്തിൽ നിന്ന് രക്ഷിക്കുമാറാകട്ടെ. രോഗം ബാധിച്ചിട്ടുള്ളവർക്ക് പരിപൂർണ ശിഫാ നൽകുമാറാകട്ടെ. എല്ലാ അഹ്മദികൾക്കും ശിഫാ നൽകുന്നതോടൊപ്പം ഈമാനിലും വിശ്വാസദൃഢതയിലും കരുത്തുണ്ടാക്കുന്നതിനും തൗഫീഖ് നൽകുമാറാകട്ടെ. (ആമീൻ)

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

(തുടർച്ച...)

**2018 ഒക്ടോബർ 31 ബുധനാഴ്ച:**

ഹുദൂർ മസ്ജിദ് ബയ്ത്തുർറഹ്മാനിൽ 6.30-ന് സുബ്ഹി നമസ്കരിപ്പിച്ചു. രാവിലെ ഓഫീസ് സംബന്ധമായ കത്തുകളും റിപ്പോർട്ടുകളും പരിശോധിക്കുകയും ആവശ്യമായ മാർഗനിർദേശങ്ങൾ നല്കുകയും ചെയ്തു.

## അമേരിക്കൻ ഇന്റർ നാഷണൽ റിലീജ്യൻസ് ഫ്രീഡം അംബാസഡറിന്റെ കൂടിക്കാഴ്ച

10 മണിക്ക് ഹുദൂർ മീറ്റിംഗ് ഹാളിലെത്തി. അവിടെ അമേരിക്കൻ ഇന്റർ നാഷണൽ റിലീജ്യൻസ് ഫ്രീഡം അംബാസഡർ സാം ബ്രൗൺ ബാക്ക്(Sam Brownback) സാഹിബ് ഹുദൂറിനെ കാണാനെത്തിയിരുന്നു. അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ വളരെയടുത്ത സ്നേഹിതൻ റിച്ചാർഡ് സൈമൺസും(Richard Simmons) അദ്ദേഹത്തിന്റെ സ്റ്റാഫിലെ രണ്ടു അംഗങ്ങളായ സമീർ ഹുസ്സയ്നും(Sameer Hossein), ഹൊവാർഡ് ചുവാംഗും(Howard Chuang) ഉണ്ടായിരുന്നു.

അംബാസഡർ സാഹിബ്: 'യു.എസ്. സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് ഹുദൂറിന് പോർട്ട് കോർട്ടസീസ് (Port courtesies)ലഭ്യമാക്കിയട്ടുണ്ട് എന്നതിൽ വളരെ സന്തോഷമുണ്ട്. തീവ്രവാദത്തിനും ഉഗ്രവാദത്തിനുമെതിരെ ഹുദൂർ ഒരു സുപ്രധാന ശബ്ദമാണ്. അതുകൊണ്ട് ഹുദൂറിന് ലഭിച്ച കോർട്ടസീസുകൾ ഹുദൂറിന്റെ സ്ഥാനമാനത്തിനനുസരിച്ചുള്ളതാണ്.'

തുടർന്ന് അദ്ദേഹം പാക്കിസ്താനിൽ അഹ്മദികൾക്കെതിരെ നടക്കുന്ന പ്രോസിക്യൂഷനെ കുറിച്ച് സംസാരിച്ചു.

ഹുദൂർ പറഞ്ഞു: 'പാക്കിസ്താനിലും മലേഷ്യയിലും ഞങ്ങൾക്കെതിരിൽ നിയമം നിലവിലുണ്ട്. അവിടെ ഞങ്ങൾക്ക് സ്വന്തം മതത്തെ വെളിപ്പെടുത്താൻ സാധിക്കില്ല. അതുപോലെ ബംഗ്ലാദേശിലും ഇന്തൊനേഷ്യയിലും മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലും ഞങ്ങൾക്കെതിർപ്പുണ്ട്. മതത്തെ വെളിപ്പെടുത്തുമ്പോൾ ബുദ്ധിമുട്ടുകളുണ്ട്. ഇസ്ലാമിക ശരീഅത്തിൽ മതപരിത്യാഗത്തിന് നിയമമൊന്നുമില്ല. ഇവർ ഇതു സംബന്ധമായി പറയുന്നതെല്ലാം സ്വന്തം വ്യാഖ്യാനങ്ങളാണ്.

ഹുദൂർ അബ്ദുശ്ശക്കൂർ സാഹിബിന്റെ അറസ്റ്റും ശിക്ഷയെ സംബന്ധിച്ചും പരാമർശിച്ചുകൊണ്ട് പറഞ്ഞു: '82 വയസ്സാണ് അദ്ദേഹത്തിന്. അഹ്മദികളുടെ സംസ്കരണത്തിനുവേണ്ടിയുള്ള ചില ഗ്രന്ഥങ്ങൾ തന്റെ കടയിൽ സൂക്ഷിച്ചു എന്നതാണ് അദ്ദേഹം ചെയ്ത തെറ്റ്. ഇതു പറഞ്ഞുകൊണ്ട് അദ്ദേഹത്തെ അറസ്റ്റ് ചെയ് തു. ആയുധധാരികളായ ആന്റി ടെറോറിസ്റ്റ് പോലീസ്(Anti Terrorist Police) അദ്ദേഹത്തിന്റെ കടയിൽ റൈഡ് നടത്തി. തീവ്രവാദ ആരോപണം ഉന്നയിച്ച് അദ്ദേഹത്തെ അറസ്റ്റ് ചെയ്തു. അദ്ദേഹം ജയിൽ ശിക്ഷ അനുഭവിച്ചു വരുന്നു. മതം മനുഷ്യന്റെ മനസുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ഒരു മനുഷ്യൻ എന്താണോ വിശ്വസിക്കുന്നത് അതിന്റെ ബന്ധം അയാളുടെ മനസ്സുമായിട്ടാണ്. നിങ്ങളുടെ ഹൃദയത്തിലുള്ള നിങ്ങളുടെ വിശ്വാസം, വാദം എന്തൊന്നാണോ അതിനെപ്പറ്റി നിങ്ങൾ അതു വിശ്വസിക്കുന്നില്ല എന്ന് പറയാൻ മറ്റൊരാൾക്ക് അവകാശമില്ല.

*'പാക്കിസ്താനിൽ മുല്ലമാർക്ക് രാഷ്ട്രീയപരമായ ഒരു മൂല്യവുമില്ല. തെരുവു മൂല്യമാണുള്ളത്.'*

ഹുദൂർ പറഞ്ഞു:'1999 ൽ ഞാനും പത്ത് പതിനൊന്ന് ദിവസം ജയിലിൽ കിടന്നിരുന്നു. അക്രമപരമായ നിലയിൽ അഹ്മദികൾക്കെതിരെ ഉണ്ടാക്കിയ നിയമങ്ങൾക്ക് വിധേയമായിട്ടായിരുന്നു അതും.'

പാക്കിസ്താനിലെ അഹ്മദികളുടെ വോട്ടവകാശത്തെ കുറിച്ചും സംസാരമുണ്ടായി.

ഹുദൂർ:'ഞങ്ങൾക്ക് വോട്ട് ചെയ്യാനുള്ള അവകാശമില്ല. ഞങ്ങൾക്ക് അവർ വെച്ചിരിക്കുന്ന നിബന്ധന ആദ്യം നിങ്ങൾ സ്വയം അമുസ് ലിമാണെന്ന് പ്രഖ്യാപിക്കണമെന്നാണ്. മുസ്ലിമീങ്ങളെപ്പോലെ പ്രവർത്തിക്കരുതത്രെ! ഇങ്ങനെ ചെയ്താൽ ഞങ്ങൾക്ക് അവിടെ വോട്ടവകാശം ലഭിക്കും.

ആദ്യം ഭരണകൂടം ചെയ്യേണ്ടത് അഹ്മദികൾക്ക് സമ്മതിദായകാവകാശം നല്കുക എന്നുള്ളതാണ്. ബ്ലാസ്ഫമി നിയമം(blasphemy law) പെട്ടെന്ന് മാറ്റിയില്ലെങ്കിൽ വേണ്ട. എന്നാൽ, അഹ്മദികൾക്ക് സമ്മതിദായകാവകാശം പെട്ടെന്ന് കിട്ടേണ്ടതാണ്.'

അംബാസഡർ ബ്രൗൺബാക്ക്: മറ്റു മുസ്ലിമീങ്ങൾ അഹ്മദികളെ ഇത്ര വെറുക്കാൻ കാരണമെന്താണ്?

ഹുദൂർ: 'ഞങ്ങൾ മുഹമ്മദ് നബിയെ അവസാന നബിയെന്ന് അംഗീകരിക്കുന്നു. വിശുദ്ധ ഖുർആൻ അവസാന ഗ്രന്ഥം എന്നും അംഗീകരിക്കുന്നു. അവസാന കാലത്ത് മസീഹ് മഹ്ദി വരുമെന്നും ഇസ്ലാമിനെ പുനരുജ്ജീവിപ്പിക്കുമെന്നും നബി(സ)തിരുമേനി ദീർഘദർശനം നടത്തിയിരുന്നു. ഈ സുന്നീ മുസ്ലിമീങ്ങളുടെ വിശ്വാസം മസീഹ് ജീവനോടെ ആകാശത്തുണ്ടെന്നും അവിടെനിന്ന് വരുമെന്നുമാണ്. ഞങ്ങൾ പറയുന്നത് മസീഹ് ജീവനോടെ ആകാശത്തിലില്ല. അദ്ദേഹം മരിച്ചുപോയിരിക്കുന്നു. ആകാശത്തുനിന്ന് ആരും വരില്ല. മസീഹ് വരുമ്പോൾ അദ്ദേഹത്തിന്റെ ടൈറ്റിൽ നബി എന്നായിരിക്കുമെന്ന് നബി(സ) തിരുമേനി ദർഘദർശനം ചെയ്തിരുന്നു. മറ്റു മുസ്ലിമീങ്ങൾ പറയുന്നത് നബി(സ)തിരുമേനി അവസാന നബിയാണെന്നാണ്. അതുകൊണ്ട് അദ്ദേഹത്തിനു ശേഷം ഒരു നബിയും വരികയില്ല. എന്നാൽ, മസീഹ് ആകാശത്തിൽനിന്ന് വന്നാൽ നബിയാണെന്ന് അംഗീകരിക്കുകയും ചെയ്യുന്നു! ആകാശത്തു നിന്ന് വരുന്ന മസീഹല്ലാത്ത ആരെങ്കിലും ദൈവം അദ്ദേഹത്തെ അയച്ചിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് നബിയാണെന്ന വാദം പുറപ്പെടുവിച്ചാൽ അദ്ദേഹം തെറ്റിലാണത്രെ!

'ഞങ്ങൾ പറയുന്നത് നിങ്ങൾക്ക് ദൈവത്തിന്റെ ഗുണഗണങ്ങളെ അവസാനിപ്പിക്കാൻ കഴിയില്ല. അവൻ ആരേയും നബി എന്ന ടൈറ്റലോടെ അയക്കാവുന്നതാണ്. പുതിയ ന്യായപ്രമാണത്തോടുകൂടി നബി വരികയില്ലെന്നത് സുവ്യക്തമാണ്. നബി(സ)തിരുമേനിയെ അനുധാവനം ചെയ്തുകൊണ്ട് നബി വരാവുന്നതാണ്.

'അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ മസീഹ് മഹ്ദിയാണെന്ന വാദമാണ് പുറപ്പെടുവിച്ചത്. നബി(സ)തിരുമേനിയെ അനുധാവനം ചെയ്യുന്ന നബിയാണ്. വരുന്ന മസീഹ് തന്റെ സമുദായത്തിൽ നിന്നാണ് വരിക എന്നും ഇസ്ലാമിന്റെ പുനരുജ്ജീവനം അദ്ദേഹം മുഖേന നടക്കുമെന്നും വാളുകൊണ്ടുള്ള ധർമ്മയുദ്ധത്തിനു പകരം ഇസ്ലാമിക അധ്യാപനങ്ങളിലൂടെ ശാന്തി പരത്തുമെന്നും നബി(സ)തിരുമേനി ദീർഘദർശനം നടത്തിയിട്ടുണ്ട്. മൂസാനബിക്കു ശേഷം വന്ന മസീഹിന്റെ ചുവടുകളിലായിരിക്കും അദ്ദേഹം വരിക. നബി വരാം എന്നതാണ് ഞങ്ങളുടെ വിശ്വാസം. പുതിയ ന്യായപ്രമാണത്തോടു കൂടിയല്ല. മറിച്ച് നബി(സ) തിരുമേനിയുടെ ശരീഅത്തിനെ പിൻപറ്റി വരാവുന്നതാണ്.

'നിങ്ങൾ പുതിയ നബിയുടെ ആൾക്കാരാണെന്ന ആരോപണം ഉന്നയിച്ചുകൊണ്ട് ഞങ്ങളെ അവർ ഇസ്ലാമിക വൃത്തത്തിൽനിന്ന് പുറത്താക്കി. എല്ലാ മതസ്ഥരും ഒരു പരിഷ്കർത്താവ് വരും എന്ന പ്രതീക്ഷയിലാണുള്ളത്. എല്ലാ പ്രവാചകന്മാരുടേയും ദീർഘദർശനങ്ങൾക്കനുസരിച്ച് അവസാന കാലത്ത് വരേണ്ട വ്യക്തി വന്നിരിക്കുന്നു എന്നതാണ് ഞങ്ങളുടെ വിശ്വാസം. അവസാന കാലത്ത് കേവലം ഒരു വ്യക്തിയാണ് വരേണ്ടത്. എല്ലാവരേയും ഒരു കൈയിൽ ഐക്യപ്പെടുത്തുകയാണ് അദ്ദേഹം ചെയ്യുക.

'ഹദ്റത്ത് ഈസാ(അ) വാദം പുറപ്പെടുവിച്ചപ്പോൾ ഇസ്രായേൽ ജനത പറഞ്ഞിരുന്നു, മസീഹ് വരുന്നതിനു മുമ്പേ ഗ്രന്ഥത്തിൽ ഏലിയാ നബി വരുമെന്നു വന്നിട്ടുണ്ട്. അതിനാൽ ഞങ്ങൾ മസീഹിനെ എങ്ങനെയാണ് വിശ്വസിക്കുക? അപ്പോൾ ഹദ്റത്ത് ഈസാ മറുപടി കൊടുത്തത് 'ആ ഏലിയാ, യഹ്യാ ആണെന്നും വിശ്വസിക്കാൻ ആഗ്രഹിക്കുന്നവർ വിശ്വസിച്ചുകൊള്ളുക' എന്നുമായിരുന്നു.

'ഓരോ മതത്തിലും ചില കാര്യങ്ങളുണ്ട്.

### ഹദീഥുന്നബ്വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു, 'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.' (മുസ്ലിം)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

### ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു: 'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

അധ്യാപനങ്ങളിൽ ചില ആലങ്കാരിക പ്രയോഗങ്ങളുണ്ട്. അത് വിവിധ രൂപത്തിൽ വ്യാഖ്യാനിക്കപ്പെടുന്നു.

'മനുഷ്യൻ എന്ന നിലയിൽ പരസ്പരം നമ്മൾ ആദരിക്കുന്നു. എല്ലാ മതങ്ങളിലും ഒരു കാര്യം പൊതുവായിട്ടുണ്ട്. അക്കാര്യത്തിൽ നമുക്കെല്ലാം ഐക്യപ്പെടാൻ കഴിയും. അത്യുന്നതനായ അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: '*തആലൗ ഇലാ കലിമത്തിൻ സവാഉൻ ബയ്നനാ വ ബയ്നക്കും.*(3:65) വരിക! ഞങ്ങൾക്കും നിങ്ങൾക്കും ഇടയിൽ തുല്യസമ്മതമായ ഒരു കാര്യത്തിൽ നമുക്ക് ഐക്യപ്പെടാം. അത് ദൈവം എന്ന അസ്തിത്വമാണ്. നമ്മൾ എല്ലാവരുടേയും ദൈവം ഒന്നു തന്നെയാണ്. വരിക, ഇക്കാര്യത്തിൽ നമുക്കെല്ലാം ഒന്നു ചേരാം. ഹദ്റത്ത് ഇബ്റാഹീമിൽ(അ) നമ്മളെല്ലാവരും വിശ്വസിക്കുന്നു. ഇക്കാരണംകൊണ്ടും നമുക്കെല്ലാം ഒന്നാകാൻ കഴിയും. സഹവർത്തിത്വത്തോടെ ജീവിക്കാൻ കഴിയും.

ഇനി പരിഹാരമിതാണ്. ഒന്നായി ഇരുന്നുകൊണ്ട് മനുഷ്യത്വത്തിനുവേണ്ടി ആലോചിക്കാം. പ്രശ്നങ്ങൾ പരിഹരിക്കാം.'

അംബാസിഡർ സാഹിബ്: യറുശലേമിലും സഊദി അറേബ്യയിലും വാഷിംഗ്ടൺസിറ്റിയിലും ഇബ്റാഹീമീ മതങ്ങളുടെ ഒരു സിംപോസിയം നടത്താനൻ ആഗ്രഹിക്കുന്നുണ്ട്.

ഹുദൂർ: 'ഹയ്ഫയിൽ ഞങ്ങളുടെ ജമാഅത്ത് സ്ഥാപിതമാണ്. അവിടെ നമ്മുടെ മിഷനും മസ്ജിദുമുണ്ട്. അവിടെ എല്ലാവരുമായും നല്ല ബന്ധങ്ങളാണുള്ളത്. എല്ലാവരും ഞങ്ങളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നുണ്ട്. അതും ഒരു സിംപോസിയത്തിന്റെ ഇടമായി തിരഞ്ഞെടുക്കാവുന്നതാണ്.

'സമാധാനവും സാഹോദര്യവും സഹനവും ഉണ്ടാകുക എന്നതാണ് സുപ്രധാനമായ കാര്യം. ഇന്ന് ലോകത്തിന് ഇതുതന്നെയാണ് ആവശ്യമായിട്ടുള്ളത്.'

അംബാസിഡർ സാഹിബ് പാക്കിസ്താനി ലെറബ്വയിൽ പോകാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. അപ്പോൾ ഹുദൂർ പറഞ്ഞു: 'തീർച്ചയായും താങ്കൾ പോകണം. പോയി റബ്വ നോക്കി കാണണം.'

അംബാസിഡറുമായുള്ള ഈ കൂടിക്കാഴ്ച 10.35–ന് കഴിഞ്ഞു. ഒടുവിൽ ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാനും അദ്ദേഹത്തിന് സൗഭാഗ്യം ലഭിച്ചു.

## യൂ എസ് കോൺഗ്രസ് അംഗവുമായി ഹുദൂറിന്റെ കൂടിക്കാഴ്ച.

ഈ കൂടിക്കാഴ്ചയിൽ യു. എസ്. കോൺഗ്രസ് അംഗം ജമി റസ്കിനും(Jamie Raskin) അദ്ദേഹത്തിന്റെ സീനിയർ കൗൺസിൽ ഡെവോൺ ഓംബേർസും(Devon Ombers) പങ്കെടുത്തിരുന്നു. കോൺഗ്രസ് അംഗം:താൻ ഹൗസ് ഓഫ് റെപ്രെസന്റേറ്റീവിലെ (House of Representative) ഫ്ളോറിൽനിന്ന് 'ശക്കൂർഭായി'ക്കുവേണ്ടി ശബ്ദം ഉയർത്തിയിരുന്നു. അദ്ദേഹത്തെ prisoner of conscience (മനസ്സാക്ഷിയുടെ തടവുകാരൻ) എന്ന് പറയുകയും ചെയ്തു.'

അദ്ദേഹം പറഞ്ഞു: ഹുദൂർ വളരെ ശക്തിമത്തായതും വ്യവസ്ഥാപിതവുമായ ഇസ്ലാമിലെ ശാഖയുടെ നേതാവാണ്.

ഹുദൂർ: 'ഞങ്ങൾ ഇസ്ലാമിന്റെ അടിസ്ഥാനപരവും യഥാർഥവുമായ അധ്യാപനം അനുസരിച്ചാണ് പ്രവർത്തിക്കുന്നത് എന്നതാണ് വസ്തുത. പുതിയ അധ്യാപനങ്ങളൊന്നുമല്ല. ഞങ്ങൾ വിശുദ്ധ ഖുർആൻ അനുസരിച്ചാണ് പ്രവർത്തിക്കുന്നത്.'

അഹ്മദികളുടെ മേലുള്ള പ്രോസിക്യൂഷനെ കുറിച്ച് കൂടുതൽ വിശദീകരണം ഹുദൂറിൽനിന്ന് അറിയാനുള്ള ആഗ്രഹം കോൺഗ്രസ്മാൻ പ്രകടിപ്പിച്ചു.

ഹുദൂർ: ദുൽഫിഖാർ അലി ഭുട്ടോ 1974–ൽ ഞങ്ങളെ അമുസ്ലിമീങ്ങളായി പ്രഖ്യാപിച്ചു. ഇപ്രകാരം അയാൾ ലോകത്ത് മുസ്ലിമീങ്ങളുടെ നേതൃത്വത്തിനുവേണ്ടി മോഹിച്ചു. ശേഷം 1984–ൽ അക്കാലഘട്ടത്തിലെ സ്വേച്ഛാധിപതി സിയാഉൽ ഹഖ് ഞങ്ങൾക്കെതിരിൽ കൂടുതൽ കടുത്ത നിയമങ്ങളുണ്ടാക്കി. അഹ്മദികൾക്ക് പ്രചാരണം നടത്താനും സ്വന്തമായി മുസ്ലിം എന്ന് പറയാനും പറ്റാതായി. കുട്ടികൾക്ക് ഇസ്ലാമിക പേരുകൾ ഇടാൻ പാടില്ല. മസ്ജിദിനെ, മസ്ജിദ് എന്നു വിളിക്കാൻ പാടില്ല. അസ്സലാമു അലയ്ക്കും എന്ന് പറഞ്ഞാൽ മൂന്ന് വർഷം തടവാണ് ശിക്ഷ.

അബ്ദുശ്ശക്കൂർ സാഹിബിനെ(ശക്കൂർഭായി) സ്മരിച്ചുകൊണ്ട് ഹുദൂർ പറഞ്ഞു: 'അഹ്മദികളുടെ സംസ്കരണത്തിനുവേണ്ടിയുള്ള കുറച്ചു പുസ്തകങ്ങൾ അദ്ദേഹം തന്റെ കടയിൽ വെച്ചു എന്നതായിരുന്നു അദ്ദേഹത്തിന്റെ പേരിലുള്ള കുറ്റം. അതായിരുന്നു അദ്ദേഹത്തെ അറസ്റ്റ് ചെയ്യാനുള്ള കാരണം. ഇപ്പോൾ അദ്ദേഹം ജയിലിലാണ്. 82 വയസ്സാണ് അദ്ദേഹത്തിന്റെ പ്രായം.

'മുല്ലാക്കൾക്ക് രാഷ്ട്രീയപരമായി ഒരു വിലയുമില്ല. കേവലം തെരുവിന്റെ വിലയേയുള്ളൂ.'

കോൺഗ്രസ് മാൻ അന്വേഷിച്ചതനുസരിച്ച് ഹുദൂർ തുടർന്നു: 'ഞാൻ മുമ്പേ പാക്കിസ്താനിലായിരുന്നു. ഇപ്പോൾ ലണ്ടനിലാണ് താമസം. പാക്കിസ്താനിലുള്ള ഈ എതിരാളികളുടെ നിയമങ്ങൾ കാരണത്താൽ സ്വന്തം ഉത്തരവാദിത്വങ്ങൾ അവിടെ നിർവഹിക്കാൻ കഴിയില്ല. മതത്തിൽ ബലാൽക്കാരമില്ല. ഇസ്ലാം ശാന്തി, സഹവർത്തിത്വം, സാഹോദര്യം, സമാധാനം എന്നിവയുടെ മതമാണ്. മുഴുലോകത്തുനിന്നും പ്രത്യേകിച്ചും ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ലക്ഷക്കണക്കിനു പേർ അഹ്മദിയ്യത്ത് സ്വീകരിച്ചു വരുന്നു. ശക്തിമത്തായ എതിർപ്പുണ്ടായിട്ടും പാക്കിസ്താനിൽനിന്നും ജനങ്ങൾ അഹ്മദിയ്യത്തിൽ പ്രവേശിച്ചു വരുന്നു. ചിലർ സ്വയം അഹ്മദിയാണെന്ന് വെളിപ്പെടുത്തുന്നില്ല. വെളിപ്പെടുത്തുകയാണെങ്കിൽ ഈ നിയമങ്ങൾക്ക് കീഴിൽ അവരും വരുന്നതാണ്.

'സമൂഹത്തിൽ ശാന്തിയും സമാധാനവും സഹവർത്തിത്വവും സ്ഥാപിക്കുക എന്നതാണ് ഞങ്ങളുടെ ജിഹാദ്. ജനങ്ങൾ തങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയുക. അവന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുക. സമൂഹത്തിൽ നീതി പുനസ്ഥാപിക്കുക. ഇതു തന്നെയാണ് യഥാർഥ ജിഹാദ്. ഇസ്ലാമിന്റെ സ്ഥാപകർ മുഹമ്മദ് മുസ്തഫായും(സ)അദ്ദേഹത്തിന്റെ സത്യവാനായ ദാസനും അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരുമായ ഹദ്റത്ത് വാഗ്ദത്ത മസീഹും(അ) ഇതാണ് പറഞ്ഞത്. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് ഇതേ ജിഹാദിൽത്തന്നെയാണ് എല്ലാ സ്ഥലങ്ങളിലും മുഴുകിയിട്ടുള്ളത്.'

രാഷ്ട്രവും മതവും രണ്ടാണെന്ന വിഷയത്തെ കുറിച്ചും ചർച്ച നടന്നു.

കോൺഗ്രസ്മാൻ: ഇതു സംബന്ധമായി ഒരു ലേഖനം എഴുതാൻ ആഗ്രഹിക്കുന്നു. അതിൽ ഹുദൂറിന്റെ നിർദേശങ്ങളും ഉദ്ധരിക്കാൻ ആഗ്രഹിക്കുന്നു.

തുടർന്ന് ഹുദൂർ ജമാഅത്തിലുള്ള സന്നദ്ധ സേവനങ്ങളെ കുറിച്ച് പരാമർശിച്ചു. എല്ലാ വർഷവും ജമാഅത്ത് ലക്ഷക്കണക്കിനു ഡോളർ മിച്ചപ്പെടുത്തുന്നത് എങ്ങനെയാണെന്നും വിശദീകരിച്ചു.

ഞങ്ങളുടെ ജൽസകളുടെ അവസരത്തിൽ ആയിരക്കണക്കിനു ആളുകൾക്കുള്ള ഭക്ഷണം ഞങ്ങളുടെ തന്നെ വോളന്റിയേഴ്സ് പാചകം ചെയ്യുന്നു. മില്യനുകളുടെ ചെലവിന്റെ സ്ഥലങ്ങളിൽ ഏതാനും ആയിരത്തിൽ അത് ചുരുങ്ങുന്നു.

അഹ്മദികൾക്കെതിരിൽ ഭരണകൂടം നിയമുണ്ടാക്കിയിട്ടുള്ളതുകൊണ്ട് ഈ പ്രോസിക്യൂഷൻ അഹ്മദികൾക്കെതിരിലുള്ള സ്റ്റേറ്റ് പ്രോസിക്യൂഷനാണ്. അവിടെ ഞങ്ങളുടെ സ്ത്രീകൾ സാധനങ്ങൾ വാങ്ങാൻ കടകളിൽ ചെല്ലുമ്പോൾ നിങ്ങൾ അഹ്മദിയാണ് അതുകൊണ്ട് ഇവിടെ നിന്ന് പൊയ്ക്കൊള്ളുക എന്നാണ് കടക്കാരൻ പറയുന്നത്.

കോൺഗ്രസ് മാൻ: ഇവർ അഹ്മദിയാണെന്ന് എങ്ങനെയാണ് അറിയുന്നത്?

ഹുദൂർ: അഹ്മദികളുടെ സ്വഭാവവും രീതികളും ചലനങ്ങളും കാണുമ്പോൾ അവർ മനസ്സിലാക്കുന്നു. മുല്ലാക്കളും ചാരപ്രവർത്തനം നടത്തുന്നുണ്ട്. അഹ്മദികളുടെമേൽ നോട്ടമിട്ടു വെക്കുന്നു. അപ്പോൾ അറിയാൻ കഴിയും.

'പാക്കിസ്താനിൽ ഇങ്ങനേയും സംഭവിച്ചിട്ടുണ്ട്. ഈദുൽ അള്ഹിയായുടെ അവസരത്തിൽ ഖുർബാനി നല്കപ്പെടുന്നു. ഈദിനുശേഷം പോലീസ് ഒരു അഹ്മദിയുടെ വീട്ടിൽ വന്നു. ബലിമൃഗത്തേയും കൊണ്ടുപോയി. കൂടെ അഹ്മദിയേയും കൊണ്ടുപോയി. അവിടെ ഇപ്പോൾ പോലീസും, പൊതുജനങ്ങളും മൗലവിമാരും അഹ്മദികൾക്കെതിരിലുള്ള പ്രോസിക്യൂഷനിൽ ഇടപെടുകയാണ്.

'ഇപ്പോൾ പാക്കിസ്താനിൽ അഹ്മദികൾക്കെതിരിലുള്ള എതിർപ്പിന്റെ നിലവാരം ഇതാണ്. ഇംറാൻ ഖാൻ മുല്ലാക്കളുടെ സമ്മർദംകൊണ്ട് ഒരു അഹ്മദി ഇക്ണോമിസ്റ്റായ ആതിഫ് മിയാനെ ഇക്ണോമിക് ഉപദേശക സമിതിയിൽനിന്ന് പുറത്താക്കിയിരിക്കുകയാണ്.

കോൺഗ്രസ് മാൻ: ഇനി ഞാൻ മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ജമാഅത്തിനോടൊപ്പം നിന്നു കൊണ്ട് അഹ്മദികളുടെ പ്രോസിക്യൂഷനെതിരെ പ്രവർത്തിക്കുന്നതായിരിക്കും.

1999–ൽ ഹുദൂർ ജയിലിൽ കിടന്ന സംഭവത്തേയും കോൺഗ്രസ്മാൻ അന്വേഷിക്കുകയുണ്ടായി. അത് അറിയാന് വളരെ താല്പര്യമെടുത്തു.

കോൺഗ്രസ് മാൻ: അഹ്മദികൾക്കെതിരിലുള്ള ഈ പ്രോസിക്യൂഷൻ യഹൂദികളോടുണ്ടായ പ്രോസിക്യൂഷന്റെ ഓർമ സൃഷ്ടിക്കുന്നതാണ്.

കോൺഗ്രസ് മാൻ ജമി റസ്കിനു(Jamie Raskin) മായുള്ള ഈ കൂടിക്കാഴ്ച 11.15 വരെ നീണ്ടു നിന്നു. ഒടുവിൽ ഹുദൂറുമൊത്ത് ഫോട്ടോ എടുത്ത് അദ്ദേഹം സായൂജ്യനായി.

## ഹദീഥുന്നബ്വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:'രണ്ടാളുടെ ഇടയിൽ നീ നീതി പുലർത്തൽ ധർമ്മമാണ്. ഒരാൾ തന്റെ വാഹനത്തിലേറാനോ യാത്രോപകരണങ്ങൾ അതിനുമുകളിൽ കയറ്റിവെക്കാനോ നീ സഹായിക്കലും ഒരു ധർമമാണ്. നല്ല വാക്കു പറയുന്നതും ധർമമാണ്. നമസ്കാരത്തിന് നടന്നുപോകലും ധർമമാണ്. വഴിയിലുള്ള ശല്യം ദൂരീകരിക്കലും കൂടി ഒരു ധർമമാണ്.' (ബുഖാരി മുസ്‌ലിം)**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

## കുടുംബപരമായ കൂടിക്കാഴ്ചകളും പ്രതികരണങ്ങളും

തുടർന്ന് ഓഫീസിലെത്തിയ ഹുദൂർ കുടുംബപരമായ കൂടിക്കാഴ്ചകൾക്ക് തുടക്കം കുറിച്ചു. ഇന്നു രാവിലെ നടന്ന ഈ സെഷനിൽ 74 കുടുംബങ്ങളിൽനിന്നുള്ള 395 പേർ തങ്ങളുടെ ഇമാമുമായി കൂടിക്കാഴ്ച നടത്തി. അമേരിക്കയിലെ ബ്രൂക്കലിൻ, പോട്ടോമേക്, റിച്ച്മണ്ട്, സിൽവർസ്പ്രിംഗ്, സൗത്ത് വെർജീനിയ, വെലിംഗ് ബോറോ ജമാഅത്തുകളെ കൂടാതെ സഊദി അറേബ്യയിൽനിന്നുള്ള ചില സഹോദരങ്ങൾക്കും ഹുദൂറിനെ കാണാൻ അവസരം ലഭിച്ചു.

ബ്രൂക്ക്ലിനിൽനിന്നു വന്ന ഖലീൽ അഹ്മദ് സാഹിബ് കൂടിക്കാഴ്ചയ്ക്കുശേഷം തന്റെ അനുഭവം ഇങ്ങനെ വിവരിച്ചു: ഹുദൂറുമായുള്ള കൂടിക്കാഴ്ചയുടെ സന്തോഷത്തിൽ രണ്ടു മൂന്നു ദിവസം ഞങ്ങൾക്ക് ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല. മക്കൾ ഒരു മാസം മുമ്പേ ഹുദൂറിനെ കാണാൻ തയ്യാറെടുത്തു കൊണ്ടിരുന്നു. ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണ്; അവൻ ഞങ്ങൾക്ക് ഈ ദിനവും കാണിച്ചു തന്നു. ഇന്ന് നമ്മുടെ ഖലീഫ നമ്മുടെ കൺമുമ്പിൽ എത്തിയിരിക്കുന്നു.'

സൗത്ത് വെർജീനിയയിൽ നിന്നു വന്ന അബ്ദുല്ലാഹ് മുഹമ്മദ് സാഹിബ് പറയുന്നു: കുട്ടികളോടും കുടുംബത്തോടുമൊപ്പം എന്റെ ഇത് ആദ്യ കൂടിക്കാഴ്ചയായിരുന്നു. ഹുദൂറിനെ സംബന്ധിച്ച് ഞങ്ങൾ എപ്പോഴും കേട്ടിട്ടുള്ളത് അസാധാരണമായ ഓർമ ശക്തി ഉണ്ടെന്നാണ്. ഇന്ന് കൂടിക്കാഴ്ചയ്ക്കിടയിൽ ഇക്കാര്യം ഞങ്ങൾ നേരിട്ട് ദർശിക്കുകയുണ്ടായി. എന്റെ ഭാര്യ കൂടിക്കാഴ്ചയ്ക്കിടയിൽ തന്നെ പരിചയപ്പെടുത്തിയപ്പോൾ പിതാവിന്റെ പേരോട് കൂടിയാണ് പരിചയപ്പെടുത്തിയത്. ഉടനെ ഹുദൂർ അദ്ദേഹം തന്നെ ജൽസയിൽ കണ്ടിരുന്നല്ലോ എന്ന് ഓർമപ്പെടുത്തി. ഹുദൂറിന് ലറ്ററും അയക്കാറുണ്ട് എന്നും പറഞ്ഞു. ലക്ഷക്കണക്കിനു ആളുകൾ ഹുദൂറിന് കത്തെഴുതാറുണ്ട്. കൂടിക്കാഴ്ചയ്ക്കുവേണ്ടി വരാറുണ്ട്. എന്നാൽ കാലത്തിന്റെ ഖലീഫ തന്റെ അനുയായികളെ ഓർമ വെക്കുക എന്നത് അസാധാരണവും അത്ഭുതവുമല്ലെങ്കിൽ മറ്റെന്താണ്.

ന്യൂയോർക്കിൽനിന്നു 5 മണിക്കൂർ ദീർഘദൂരം യാത്ര ചെയ്തെത്തിയ സുബയ്ർ അഖ്തർ സാഹിബ് പറയുന്നു: 2016ലാണ് ഞങ്ങൾ അമേരിക്കയിൽ എത്തിയത്. പാക്കിസ്താനിൽ ഹുദൂറിന്റെ സ്ഥലത്ത് ജോലി ചെയ്യാനുള്ള അവസരം എനിക്ക് കിട്ടിയിട്ടുണ്ട്. കൂടിക്കാഴ്ചയിൽ എല്ലാ കുടുംബാംഗങ്ങൾക്കും ഹുദൂറിന്റെ മുഖത്ത് ഒരു പ്രത്യേക പ്രകാശം ദർശിക്കാൻ കഴിഞ്ഞിരുന്നു. മുഖം പ്രകാശിക്കുന്നതുപോലെ തോന്നിയിരുന്നു.

അവരുടെ മകൻ ഹംദാൻ പറയുന്നു:'ഹുദൂറിന്റെ ഓഫീസിലേക്ക് പ്രവേശിച്ചതും അവിടെ മറ്റൊരു ലോകമാണെന്ന് എനിക്ക് തോന്നി. അത് വാക്കുകളിൽ വിവരിക്കുക എന്റെ കഴിവിനപ്പുറത്താണ്.'

ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ് തന്റെ കുടുംബത്തോടൊപ്പം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അദ്ദേഹം പറയുന്നു: കൂടിക്കാഴ്ച നേരത്ത് സമയം നിശ്ചലമായതു പോലെ തോന്നി. ചുറ്റിലുമുള്ള ലോകവും നിലച്ചതുപോലെ അനുഭവപ്പെട്ടു. രണ്ടാമത് ഞാൻ ലോകത്തേക്ക് വന്നതു പോലെയാണ് പുറത്തു വന്നപ്പോൾ തോന്നിയത്. ഇതിനു മുമ്പേയുള്ള ഒരു കൂടിക്കാഴ്ചയുടെ അവസരത്തിൽ ഹുദൂറിനെ ആലിംഗനം ചെയ്യണമെന്ന് അപേക്ഷിച്ചിരുന്നു. അപ്പോൾ ഹുദൂർ ലൈനിൽ ധാരാളം പേർ കാത്തു നില്ക്കുന്നുണ്ടെന്ന് പറഞ്ഞു. അതുകൊണ്ട് ഇപ്പോഴില്ല പിന്നീടെപ്പോഴെങ്കിലും എന്ന് പറഞ്ഞു. ഇപ്പോൾ ഞാനത് ഓർമിപ്പിച്ചപ്പോൾ വാത്സല്യത്തോടെ ഹുദൂർ ആലിംഗനം ചെയ്യാനുള്ള അനുവാദം നല്കി.

പല മണിക്കൂർ യാത്രയ്ക്കുശേഷം കുടുംബത്തോടെയെത്തിയ മുദ്ഥിർ ചൗദ്ദരി സാഹിബ് പറയുന്നു: ഇത് ഹുദൂറുമൊത്തുള്ള ഞങ്ങളുടെ ആദ്യ കൂടിക്കാഴ്ചയായിരുന്നു. എന്റെ ഭാര്യ പറയുന്നത് ഹുദൂറിന്റെ അനുഗൃഹീത മുഖത്തുള്ള വിസ്മയിപ്പിക്കുന്ന പ്രകാശം ഹൃദയങ്ങളെ വേഗത്തിൽ വലിച്ചടുപ്പിക്കുന്നതാണ്. അല്ലാഹുവിന്റെ മലക്കുകൾ അങ്ങയെ വലയം ചെയ്തിരിക്കുന്നതായി തോന്നിയിരുന്നു. ഹുദൂറിനെ കണ്ടതിനുശേഷം ഞങ്ങളുടെ ഹൃദയം സമാധാനത്തിലായതായി തോന്നി. ഞങ്ങൾ ഹുദൂറിനെ നോക്കിക്കൊണ്ട് മാത്രം ഇരുന്നു. സമയം നിശ്ചലമായിരുന്നു

ബ്രൂക്ക്ലിൻ ജമാഅത്തിൽനിന്നുവന്ന മിർസാ മുഹമ്മദ് അദ്നാൻ സാഹിബ് കുടുംബത്തോടെയാണ് ഹുദൂറിനെ കാണാൻ വന്നത്. അദ്ദേഹം പറയുന്നു:

ഇന്ന് ഞങ്ങൾ വളരെ ഭാഗ്യവാന്മാരാണെന്ന് മനസ്സിലാക്കുന്നു. ഹുദൂറുമൊത്തുള്ള ആദ്യ കൂടിക്കാഴ്ചയായിരുന്നു ഇത്. കൂടിക്കാഴ്ചയിൽ ഉണ്ടായ ഒരു സംഭവം ഞാനൊരിക്കലും മറക്കില്ല. ഞാൻ ഡോക്ടറായിക്കൊണ്ടിരിക്കുന്നു എന്ന് ഹുദൂറിനോട് പറഞ്ഞപ്പോൾ ഹുദൂർ എനിക്ക് ഒരു പേന ബർക്കത്തിനു വേണ്ടി നല്കി. നിങ്ങൾ ആദ്യത്തെ മരുന്ന് ഈ പേന കൊണ്ട് എഴുതുക എന്ന് ഉപദേശിച്ചു. ഇത് നിങ്ങൾക്ക് വളരെ അനുഗൃഹീതമായിരിക്കും.

റാനാ മുഹമ്മദ് മുഹ്സിൻ സാഹിബ് തന്റെ കുടുംബത്തോടൊപ്പം ഹുദൂറിനെ കണ്ടു.അദ്ദേഹം പറയുന്നു: ഇന്ന് ഞങ്ങളുടെ ജീവിതത്തിലെ ആദ്യ കൂടിക്കാഴ്ചയായിരുന്നു. ഹുദൂറിനെ കണ്ടപ്പോൾ എനിക്ക് ഉള്ളിൽ മാറ്റം സംഭവിച്ചതായി തോന്നി. ഇപ്പോൾ ഞാനൊരു പുതിയ തീരുമാനവും എടുത്താണ് വന്നിരിക്കുന്നത്. മുമ്പേയുള്ളതിനെക്കാൾ കൂടുതലായി നന്മയിൽ കാൽവെയ്പ് നടത്തുന്നതാണ്.

അവരുടെ മകൻ പറയുന്നു: ഹുദൂറിന്റെ വ്യക്തിത്വം എത്രമാത്രം ആകർഷണീയവും പ്രകാശമയവുമായിരുന്നു എന്ന് വെച്ചാൽ ഞാൻ ഹുദൂറിന്റെ മുഖകമലം ദർശിച്ചു കൊണ്ടേയിരുന്നു. അവരുടെ മകൾ പറയുന്നു: ഹുദൂർ എനിക്ക് ഒരു മോതിരം തരണമെന്നുള്ളത് എന്റെ ആഗ്രഹമായിരുന്നു. എന്നാൽ, ഞാൻ സ്വയം ഒന്നും പറഞ്ഞില്ല. പിന്നെ ഹുദൂർ എന്നോട് വിവാഹം കഴിഞ്ഞോ എന്ന് അന്വേഷിച്ചപ്പോൾ, കഴിഞ്ഞു എന്ന് ഞാൻ പറഞ്ഞു. അപ്പോൾ ഹുദൂർ വാത്സല്യത്തോടെ എനിക്ക് ഒരു മോതിരം നല്കി.

ഒരു വനിത അംഗം തന്റെ കുട്ടികളോടൊപ്പം ഹുദൂറിനെ കാണാനെത്തി. അവർ പറയുന്നു: ഹദ്റത്ത് ഖലീഫത്തുൽ മസീഹുമായി പതിനാറാമത്തെ വയസ്സിൽ എനിക്ക് കൂടിക്കാഴ്ച നടത്താൻ അവസരം ലഭിച്ചിരുന്നു.അതിനുശേഷം ഇന്നാണ് ഞാൻ ഖലീഫത്തുൽ മസീഹിനെ കാണുന്നത്. എന്റെ ഈമാൻ ഇന്ന് പുതുമ നേടി. ഹുദൂർ അങ്ങേയറ്റം സ്നേഹിക്കുന്ന ആത്മീയ പിതാവാണ്. എന്റെ ഭർത്താവ് വഫാത്തായി. എന്റെ എല്ലാ കുട്ടികളോടും ഹുദൂർ അവരുടെ പഠനത്തെ കുറിച്ച് അന്വേഷിച്ചു. അങ്ങേയറ്റം വാത്സല്യത്തോടെ അവരോട് സംസാരിച്ചു.

ഫാർമസിയ്ക്കു പഠിക്കുന്ന എന്റെ മകൾ ഹുദൂറിനോട് ചോദിച്ചു: ഇസ്‌ലാമിക ദൃഷ്ട്യാ അനുവദനീയമല്ലാത്ത പശു ഇറച്ചി ഉപയോഗിച്ചിട്ടുള്ള മരുന്ന് ഉപയോഗിക്കാൻ പാടുണ്ടോ?

ഹുദൂർ: രോഗിയ്ക്ക് തീർച്ചയായും ഇത്തരം മരുന്നുകൾ ഉപയോഗിക്കാം. എന്നല്ല, പാക്കിസ്താനിൽ പലതരം ചുമയുടെ സിറപ്പുകൾ ലഭ്യമാണ്. അതിൽ ആൽക്കഹോളും ഉപയോഗിക്കുന്നു. ഇത്തരത്തിലുള്ള മരുന്നുകൾ യഥാർഥത്തിൽ ഉപയോഗിക്കാൻ ശരീഅത്ത് അനുവദിച്ചിരിക്കുന്നു.

മുഹമ്മദ് റഫീഖ് നൂൻ മണിക്കൂറുകൾ യാത്ര ചെയ്തു കുടുംബത്തോടൊപ്പം ഹുദൂറിനെ കാണാൻ വന്നതാണ്. അദ്ദേഹം പറയുന്നു: 'ഇന്ന് ഞങ്ങൾ ജീവിതത്തിൽ ആദ്യമായാണ് ഹുദൂറിനെ വളരെയടുത്ത് കാണുന്നത്. ഹുദൂറിന് ഹസ്തദാനം ചെയ്തു. സംസാരിച്ചു. സന്തോഷത്താൽ ഞങ്ങളുടെ കണ്ണുകളിൽനിന്ന് കണ്ണീർ ഒഴുകാൻ തുടങ്ങിയിരുന്നു. ഇന്ന് ഞങ്ങൾ വളരെ ഭാഗ്യവാന്മാരാണ്. ഞങ്ങൾ ഇന്ന് ഹുദൂറിനെ ഞങ്ങളുടെ കണ്ണുകൊണ്ട് നേരിട്ട് കണ്ടു!

സെൻട്രൽ വെർജീനിയയിൽനിന്ന് വന്ന ത്വാഹിർ അഹ്മദ് സാഹിബ് തന്റെ കുടുംബത്തോടൊപ്പം ഹുദൂറിനെ കണ്ടു. അദ്ദേഹം പറയുന്നു: 'ഞങ്ങൾ കൂടിക്കാഴ്ചക്കായി ഓഫീസിലേക്ക് പ്രവേശിച്ചപ്പോൾ ഹുദൂറിന്റെ മുഖകമലം പ്രകാശത്താൽ തിളങ്ങുന്നുണ്ടായിരുന്നു. **തുടരും**

---

(പേജ് 2ൽനിന്ന്)

വനുസരിച്ച് ദാനധർമങ്ങൾ ചെയ്യുക. *യുത്യിമൂനത്ത്വആമ അലാ ഹുബ്ബിഹീ മിസ്കീനൻ വ്വയത്തീമൻ വ്വഅസീറാ*(76:9) അതായത് അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി അഗതികൾക്കും അനാഥർക്കും തടവുകാർക്കും ആഹാരം നല്കുന്നു. അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രമാണ് നല്കുന്നതെന്നും അങ്ങേയറ്റം ഭയാനകമായ നാളിനെ ഭയപ്പെടുന്നുവെന്നും അവർ പറയുകയും ചെയ്യുന്നു. പറഞ്ഞതിന്റെ ചുരുക്കം അല്ലാഹു അവന്റെ കൃപയോടും കരുണയോടും കൂടി നിങ്ങളുമായി കാര്യങ്ങൾ നടത്താൻ നിങ്ങൾ ദുആകൊണ്ടും തൗബകൊണ്ടും പ്രവൃത്തിക്കുകയും സ്വദഖകൾ കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുക.'(മൽഫൂദാത്ത് വാള്യം 1, പേജ് 191, ഖാദിയാൻ പതിപ്പ് 2018)

### ഹദീഥുന്നബ്‌വി (സ):

*നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു,'എന്റെ ദാസരേ! രാവും പകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. നിങ്ങളെന്നോടു പാപമോചനം അർഥിക്കുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരാം.'(മുസ്‌ലിം)*

### ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസാരമാക്കിത്തള്ളരുത്;അത് നിന്റെ സഹോദരനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും.' (മുസ്‌ലിം)**

ത്വാലിബെ ദുആ:
Ahmadiyya Muslim Jama'at Palluruthy, Ernakulam dist:

ത്വാലിബെ ദുആ:
Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala

(പേജ് 2ൽനിന്ന്)

ങ്ങളെ സ്വാധീനിക്കുന്നു എന്നതാണ് പരമാർഥം. ഇതിൽ മുസ്‌ലിം ലോകവും ഉൾപ്പെടുന്നു. നേരെമറിച്ച് പാശ്ചാത്യ ലോകത്തെ മതപരവും ധാർമികവുമായ സംസ്കാരം ഭീഷണിക്കധീനിമാവുന്നത് ഇസ്‌ലാം യൂറോപ്പിൽ പ്രചരിച്ചാലാണെന്ന ഭയമാണ് കൂടുതൽ ന്യായമായ ആശങ്ക. ഈ കാര്യത്തിൽ ഞാൻ നിങ്ങളെ അഭിസംബോധന ചെയ്യാം. ഒന്നാമതായി, ജനങ്ങൾ ദ്രുതഗതിയിൽ മതത്തിൽനിന്ന് വിദൂരപ്പെട്ടുപോകുകയാണെന്ന കാര്യം അനിഷേധ്യമാണ്. ഈ പ്രവണത പാശ്ചാത്യലോകത്ത് പ്രത്യേകിച്ചും തീക്ഷ്ണമാണ്. പാശ്ചാത്യരാജ്യങ്ങളിൽ ജനസംഖ്യാഗണനം നടത്തുമ്പോഴെല്ലാം ജനങ്ങൾ മതത്തിൽനിന്ന് അകലുകയും ദൈവവിശ്വാസമില്ലാത്തവരായിത്തീരുകയും ചെയ്യുന്നതാണ് കാണുന്നത്. ഇങ്ങനെ നോക്കിയാൽ നാസ്തികതയാണ് ഇസ്‌ലാമിനേക്കാൾ കൂടുതൽ പാശ്ചാത്യ സംസ്കാരത്തിന് ഭീഷണിയുയർത്തുന്നത്. പാശ്ചാത്യമൂല്യങ്ങൾ നൂറ്റാണ്ടുകൾ പഴക്കമുള്ളതും മതപരമായ ആചാരങ്ങളെ അടിസ്ഥാനമാക്കിയുള്ളതുമാണ്. പ്രത്യേകിച്ചും അതിന്റെ ജൂത-ക്രൈസ്തവ പൈതൃകം എന്നിരിക്കിലും, ഈ മതപരമായ മൂല്യങ്ങളും സാംസ്കാരിക നിയമങ്ങളും എല്ലാ രീതിയിലുള്ള മതരൂപങ്ങളേയും വിശ്വാസങ്ങളേയും എതിർക്കുന്നവരുടെ ആക്രമണത്തിന് വിധേയമാണ്.

അതിനാൽ, ഒരു മുസ്‌ലിം നേതാവ് എന്ന നിലയിൽ ഞാൻ വിശ്വസിക്കുന്നത് നിങ്ങൾ നിങ്ങളുടെ പൈതൃകം സംരക്ഷിക്കുകയും മതത്തിൽ പതനമുണ്ടാവുന്നതിനെ തടുക്കുവാൻ നിങ്ങളുടെ ഊർജം കേന്ദ്രീകരിക്കുകയും ചെയ്യണമെന്നാണ്. ജനങ്ങളെ മതത്തിലേക്കും വിശ്വാസത്തിലേക്കും തിരിച്ചുകൊണ്ടുവരണം, അത് ക്രിസ്തുമതമായാലും ജൂതമതമായാലും മറ്റേതു മതമായാലും ശരി മുന്നേറ്റത്തിന്റെ പേരിൽ നൂറ്റാണ്ടുകളോളം സമൂഹത്തിന്റെ ഭാഗമായ ആ മൂല്യങ്ങളും ധാർമികനിലവാരങ്ങളും പെട്ടെന്ന് ഉപേക്ഷിക്കരുത്.

പാശ്ചാത്യലോകത്ത് മതത്തിനു പതനം വരാൻ ഒരു കാരണം ഞാൻ വിശ്വസിക്കുന്നത് വിശദമായി പറഞ്ഞാൽ ജനങ്ങൾ ഇസ്‌ലാമിനെ ഭയപ്പെടുന്നത് അവർ എപ്പോഴും മതവുമായി ബന്ധപ്പെട്ടുനിൽക്കുന്നുവെന്നതാണ്. ഇതിന്റെ വെളിച്ചത്തിൽ, ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നത്, നിങ്ങൾ മാധ്യമങ്ങളിൽ കാണുകയും കേൾക്കുകയും ചെയ്യുന്നതുപോലെ ഇസ്‌ലാമിനെ ഭയപ്പെടാൻ ഒരു കാരണവുമില്ല. വിശുദ്ധഖുർആൻ അന്തിമവും സമഗ്രവുമായ അധ്യാപനമാണെന്നാണ് മുസ്‌ലിമീങ്ങൾ വിശ്വസിക്കുന്നത്. വിശുദ്ധ ഖുർആനോടുള്ള സ്നേഹം കൊണ്ടാണ് മതം ഹൃദയത്തിന്റെ കാര്യവും വ്യക്തിപരവുമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നത്.

മതപരമായ കാര്യങ്ങളിൽ നിർബന്ധം പുലർത്തരുതെന്ന് വിശുദ്ധഖുർആൻ രണ്ടാം അധ്യായം 257-ാം വചനത്തിൽ അർഥശങ്കക്കിട നൽകാത്ത വിധം പ്രസ്താവിച്ചിട്ടുണ്ട്. അതുകൊണ്ട് മുസ്‌ലിമീങ്ങൾ മതം പരത്താൻ ബലം പ്രയോഗിക്കുമെന്ന് അമുസ്‌ലിമീങ്ങൾ ഭയപ്പെടേണ്ടതില്ല. ലോകത്തിന്റെ ഈ ഭാഗത്ത് അവർ തങ്ങളുടെ വീക്ഷണങ്ങൾ അടിച്ചേൽപിക്കുമെന്നും കരുതേണ്ട. മുസ്‌ലിമീങ്ങളെന്നു പറയപ്പെടുന്ന വളരെ കുറഞ്ഞ ന്യൂനപക്ഷത്തിന്റെ വെറുപ്പുളവാക്കുന്ന പ്രത്യയശാസ്ത്രമാണ് തീവ്രവാദം. അതിന് വിശുദ്ധഖുർആന്റെ അധ്യാപനങ്ങളുമായി ഒരു ബന്ധവുമില്ല. യഥാർഥത്തിൽ ഞാൻ പലതവണ ഗവർമെന്റുകളോടും പ്രസക്തമായ അധികാരികളോടും പറഞ്ഞിട്ടുണ്ട് ഈ തീവ്രവാദികൾക്കെതിരിൽ അവർ മുസ്‌ലിമീങ്ങളായാലും അമുസ്‌ലിമീങ്ങളായാലും കർശന നടപടികൾ കൈക്കൊള്ളണമെന്ന്.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന നിലയിൽ ഞാൻ വിശ്വസിക്കുന്നത് ഒരു സാഹചര്യത്തിലും ഇസ്‌ലാംമതം പരത്താൻ ബലപ്രയോഗമോ മറ്റു വിധത്തിലോ നിർബന്ധം ചെലുത്തില്ല എന്നാണ്. പിന്നെ ഇസ്‌ലാമിനെ ഭയപ്പെടേണ്ട ആവശ്യമെന്താണ്? തങ്ങളുടെ നാഗരികതയോ സംസ്കാരമോ ഇസ്‌ലാം കാരണം പ്രതിസന്ധിയിലാണെന്നു ജനങ്ങൾ കരുതുന്നതെന്തിനാണ്?

ഇപ്പോൾ, നാഗരികതയും സംസ്കാരവും തമ്മിലുള്ള വ്യത്യാസങ്ങളെക്കുറിച്ച് ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ വിവരിച്ചശേഷം ഇസ്‌ലാമിന്റെ കാതലായ ചില അധ്യാപനങ്ങൾ അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇസ്‌ലാമിനെക്കുറിച്ചും അതിന്റെ സ്ഥാപക(സ.അ)രെക്കുറിച്ചും പല കഥകളും തെറ്റായധാരണകളും പ്രചരിച്ചിട്ടുണ്ട്. ഇസ്‌ലാമികാധ്യാപനങ്ങളുടെ എല്ലാ വശങ്ങളെക്കുറിച്ചും ചുരുങ്ങിയ സമയത്തിനുള്ളിൽ വിവരിക്കാൻ സാധ്യമല്ലാത്തതിനാൽ ഇസ്‌ലാം സ്ഥാപിച്ച മനുഷ്യാവകാശങ്ങളിൽ ചിലതിനെക്കുറിച്ചു ഞാൻ സംസാരിക്കാം.

വളരെ പ്രാധാന്യമർഹിക്കുന്ന, മനുഷ്യാവകാശത്തെക്കുറിച്ചുള്ള വിശുദ്ധഖുർആൻ സൂക്തം അധ്യായം 4, സൂക്തം 37-ൽ ഉണ്ട്. അതിപ്രകാരമാണ്.

"നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. മറ്റൊന്നിനേയും അവന്റെ കൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക. അടുത്ത ബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്തബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും (നന്മ ചെയ്യുക)."

ഈ സൂക്തത്തിൽ സർവ്വശക്തനായ അല്ലാഹു തന്നെ ആരാധിക്കാനാണ് മുസ്‌ലിമീങ്ങളോടു നിർദേശിക്കുന്നത്. മാതാപിതാക്കളോട് സ്നേഹാദരവുകളോടെ പെരുമാറാനാണ് പിന്നീടുള്ള നിർദേശം. മാതാപിതാക്കളോട് സ്നേഹാദരവുകളോടുകൂടി പെരുമാറണമെന്ന ഈ നിർദേശം, അഥവാ അധ്യാപനം ഏതെങ്കിലും മതത്തിനോ രാഷ്ട്രത്തിനോ സംഘർഷമുണ്ടാക്കുമെന്ന് പറയാവതാണോ? അങ്ങനെയുള്ള ഒരു അധ്യാപനം പാശ്ചാത്യ സമൂഹത്തെ തുരങ്കം വെക്കുന്നതെങ്ങനെ? ഈ സൂക്തം ബന്ധുക്കളോടും സ്നേഹിക്കുന്നവരോടും ദയയോടും പരിഗണനയോടും കൂടി പെരുമാറണമെന്നും മുസ്‌ലിമീങ്ങളോട് ആവശ്യപ്പെടുന്നു. അത് നമ്മോട് ആവശ്യപ്പെടുന്നത് സമൂഹത്തിലെ നിരാലംബരും നിസ്സഹായരുമായ അംഗങ്ങളെ പിന്തുണക്കാനും അവർക്ക് ആശ്വാസം നല്കാനും കൽപിക്കുന്നു എന്നതാണ്. അതുപോലെതന്നെ അനാഥരോടും.

ഇതുസംബന്ധമായി ഞങ്ങൾ വിശ്വസിക്കുന്നത് സാധുക്കളെ സഹായിക്കണമെന്നതിന്റെ പ്രധാന വഴി അവർക്ക് വിദ്യാഭ്യാസം നല്കലാണ്. സമൂഹത്തിലെ തകർന്നുപോയ യുവാക്കൾക്ക് അവർ ദാരിദ്ര്യം ബാധിച്ചവരാണെങ്കിൽ വിദ്യാഭ്യാസം നല്കപ്പെടുമ്പോൾ അശരണതയുടെ ചങ്ങലകൾ പൊട്ടിച്ച് സ്വതന്ത്രരാവാൻ സാധിക്കും. അവസരങ്ങൾ അവർക്കുവേണ്ടി തുറക്കപ്പെടും. തകർച്ചയിൽനിന്നും അനിഷ്ടത്തിൽനിന്നും അവർ വിമുക്തരാവും. അങ്ങനെയുള്ള യുവാക്കൾ സമൂഹത്തിൽ നിർമാത്മകമായ അംഗമാകും. കുറ്റവാളികളുടെയും ഗുണ്ടകളുടെയും സംഘത്തിൽനിന്ന് അവർ വിട്ടുനിൽക്കും. ഇതുകൊണ്ടാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വിദ്യാഭ്യാസത്തിന് മഹത്തായ ഊന്നൽ നൽകുന്നത്. തങ്ങളുടെ പരിമിതമായ ഉറവിടത്തിൽനിന്നുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ആഫ്രിക്കൻ രാജ്യങ്ങളിൽ സ്കൂളുകൾ പണിതിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസം നേടാൻ കഴിയാത്ത വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നല്കുന്നത്.

സമ്പന്നരാജ്യങ്ങൾ ദുർബലരാഷ്ട്രങ്ങൾക്ക് ഉറച്ച അടിത്തറയിടാൻ സഹായിക്കണമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ദരിദ്രരാഷ്ട്രങ്ങൾക്ക് തങ്ങളുടെ സാമ്പത്തികനിലയും ആന്തരിക ഘടനയും പടുത്തുയർത്താൻ സാധിച്ചാൽ അവർക്ക് കുടിയേറ്റം നടത്തേണ്ട ആവശ്യമുണ്ടാവില്ല. രാഷ്ട്രങ്ങൾ ഉറച്ചതും സമൃദ്ധിയുള്ളതുമാണെങ്കിൽ സ്വാഭാവികമായും ആ രാജ്യവും വിപുലമായ ലോകവും പ്രയോജനം നേടും.

മേൽസൂചിപ്പിച്ച വിശുദ്ധഖുർആൻ സൂക്തത്തിൽ ഒരാളുടെ അയൽവാസികളുടെ അവകാശങ്ങൾ നിറവേറ്റിക്കൊടുക്കാൻ പ്രത്യേക സൂചനയുണ്ട്. അവർ മുസ്‌ലിമീങ്ങളായാലും അമുസ്‌ലിമീങ്ങളായാലും അങ്ങനെ ചെയ്യണം. ആ വാക്യം അയൽവാസിയുടെ നിർവചനത്തിൽ അങ്ങേയറ്റം വിശാലത കാണിക്കുന്നു.

ഇസ്‌ലാമിന്റെ പ്രവാചകൻ പറഞ്ഞിട്ടുള്ളത് സർവ്വശക്തനായ ദൈവം അയൽവാസികളുടെ അവകാശങ്ങളെ സംബന്ധിച്ച് എത്ര ശക്തമായ ഭാഷയിലാണ് പറഞ്ഞതെന്നാൽ, അവരെ സ്വത്തിനു അവകാശികളായവരുടെ കൂടെ കൂട്ടണമെന്നുപോലും താൻ വിചാരിച്ചുപോയി എന്നാണ്. അതിലുപരി ഇസ്‌ലാമിൽ തൊട്ടടുത്ത് താമസിക്കുന്നവർ മാത്രമല്ല വളരെ ദൂരെ താമസിക്കുന്നവരും അയൽവാസികളാണ്. സഹയാത്രികർ, സഹപ്രവർത്തകർ, തന്റെ കീഴിൽ ജോലി ചെയ്യുന്നവർ അതുകൂടാതെ നിരവധിപേർ അയൽവാസികളിൽപെടുന്നു.

ഫലത്തിൽ സർവ്വശക്തനായ അല്ലാഹു മുസ്‌ലിമീങ്ങൾക്ക് ധാർമിക ഉത്തരവാദിത്തമാക്കിവെച്ചിരിക്കുന്നത് സമൂഹത്തിലെ എല്ലാ മെമ്പർമാരേയും തങ്ങളുടെ അവകാശികളാക്കി വെച്ചിരിക്കുന്ന നിലയിലാണ്.

ഇസ്‌ലാംമത സ്ഥാപകർ (സ.അ) പഠിപ്പിച്ചിട്ടുള്ളത് മനുഷ്യരോട് നന്ദി കാണിക്കാത്തവർ സർവ്വശക്തനായ അല്ലാഹുവിനോട് നന്ദി കാണിക്കാത്തവരാണെന്നാണ്. എന്തൊരു മനോഹരമായ തത്ത്വം. അപ്രകാരം ദൈവാരാധനയോടൊപ്പംതന്നെ ഒരു മുസ്‌ലിം മനുഷ്യവർഗത്തിന്റെ അവകാശങ്ങളും നിവൃത്തിയാക്കണം.

വീണ്ടും ഞാൻ ചോദിക്കുന്നു, 'ഇങ്ങനെയുള്ള ഒരു അധ്യാപനം പാശ്ചാത്യനാഗരികതക്ക് എങ്ങനെയാണ് ഭീഷണിയാവുക?'

ഈ ഇസ്‌ലാമികാധ്യാപനങ്ങൾ സമൂഹത്തിൽ സ്ഥിരതയും സമാധാനവും ഉണ്ടാക്കാനുള്ള വഴികളാണ്. സാമ്പത്തികോൽപാദനത്തിന്റെ മുന്നേറ്റത്തിനും സാമൂഹികവികസനത്തിനും ഇവ സഹായിക്കുന്നു.

## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:'ഒരു കാരക്കയുടെ കീറ് ധർമം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുക.' (ബുഖാരി, മുസ്‌ലിം)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

## ഹദീഥുന്നബ്‌വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:മുസ്‌ലിമീങ്ങളെ ശല്യപ്പെടുത്തിയിരുന്ന വഴിവക്കിലെ ഒരു വൃക്ഷം മുറിച്ചു നീക്കിയതിന്റെ പേരിൽ സ്വർഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞ ഒരാളെ ഞാൻ കാണാനിടയായി.' (മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 23 April 2020 Issue-17

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

അതുകൊണ്ട് എന്റെ വീക്ഷണത്തിൽ ഇസ്ലാമിനും മുസ്ലിമീങ്ങൾക്കും ലോകത്തിന്റെ ഈ ഭാഗത്ത് സ്ഥലമില്ല എന്നു പറയുന്നത് പാശ്ചാത്യ ജനങ്ങൾക്ക് ദോഷകരമാണ്. ഉൽഗ്രഥനം തേടാൻ മുസ്ലിമീങ്ങൾ ഇവിടെ വരുന്നത് അയൽവാസികളോടുള്ള അവകാശങ്ങൾ നിറവേറ്റാനും സമാധാനത്തിനും സമൂഹത്തിന്റെ നന്മയ്ക്കും വേണ്ടിയാണ്. ഇത് സ്തുത്യർഹമായ ഒരു കാര്യമാണ്. കുറ്റപ്പെടുത്തേണ്ടതല്ല.

അതുകൂടാതെ ചില ആളുകൾ വാദിക്കുന്നു അല്ലെങ്കിൽ വിശ്വസിക്കുന്നു, 'മുസ്ലിമീങ്ങൾ ജിഹാദ് നടത്താൻ നിർദേശിക്കപ്പെട്ടിരിക്കുന്നു' എന്ന്; അതുകൊണ്ട് അവർ ഭയപ്പെടുന്നു, അവർ പാശ്ചാത്യലോകത്തേക്കു വരികയും അക്രമാസക്തമായ യുദ്ധം നടത്തുകയും ചെയ്യുന്നത് ഇസ്ലാമിക നാഗരികതയും സംസ്കാരവും നടപ്പിൽവരുത്താനാണെന്നും സമൂഹത്തിലെ സമാധാനം നശിപ്പിക്കാനുമാണെന്ന്. 'ജിഹാദ്' എന്നാൽ എന്താണ്? എന്ന കാര്യത്തിലുള്ള വ്യക്തമായ തെറ്റുധാരണയാണ് ഇതിനു കാരണം. ഇസ്ലാമിന്റെ ആദ്യകാലത്ത് എന്തുകൊണ്ടാണ് യുദ്ധം ചെയ്തത് എന്നതിന്റെ കാരണം അറിയാത്തതുകൊണ്ടുമാണ്. ഇസ്ലാം രക്തക്കൊതിയന്മാരുടെയും ഹിംസകരുടേയും മതമല്ല.

ആദ്യകാലഘട്ടത്തിൽ മുസ്ലിമീങ്ങൾക്ക് നേരെ യുദ്ധം അഴിച്ചുവിടപ്പെട്ടപ്പോൾ പ്രതിരോധിക്കാനാണ് മുസ്ലിമീങ്ങൾ യുദ്ധം ചെയ്തത്. അതുകൊണ്ട് വിശുദ്ധ നബി മുഹമ്മദ്(സ.അ)ന്റെ ഒരു അനുചരൻ അദ്ദേഹത്തോട് ചോദിച്ചു, താൻ മുസ്ലിം സൈന്യത്തിൽ ചേരട്ടെയോ എന്ന്. അത് തനിക്ക് ജിഹാദിൽ പങ്കെടുക്കുവാനായിരുന്നു.

ഇസ്ലാമിന്റെ പ്രവാചകൻ(സ.അ) അനുചരന്റെ അപേക്ഷ നിരസിച്ചു. എന്നിട്ട് തന്റെ അവശരായ മാതാപിതാക്കളെ പരിചരിക്കാൻ വീട്ടിലേക്ക് പോകാൻ നിർദേശിച്ചു. അത് ജിഹാദായി ഗണിക്കാൻ പറഞ്ഞു. ജിഹാദിന്റെ ലക്ഷ്യം കീഴടക്കാനായിരുന്നുവെങ്കിൽ, രക്തച്ചൊരിച്ചലും യുദ്ധവുമായിരുന്നുവെങ്കിൽ നബി(സ.അ)തിരുമേനി തന്റെ അനുചരന്റെ ഓഫർ സ്വീകരിക്കുകയും സൈന്യത്തിൽ ചേരാൻ അനുമതി നല്കുകയും ചെയ്യുമായിരുന്നു.

ഇസ്ലാമിന്റെ ആദ്യകാലത്ത് മുസ്ലിം സൈന്യം ചില മതയുദ്ധങ്ങൾ ചെയ്തിട്ടുണ്ടെന്ന കാര്യം സത്യമാണെങ്കിലും, ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നത് അവയുടെ ഉദ്ദേശ്യം അധികാരം പിടിച്ചെടുക്കാനോ ആക്രമണം നടത്താനോ ജനങ്ങൾ ഇസ്ലാം സ്വീകരിക്കാൻ നിർബന്ധം ചെലുത്താനോ ആയിരുന്നില്ല. ആ യുദ്ധങ്ങൾ ചെയ്തത് മതവ്യവസ്ഥിതി നിലനിറുത്താനും വിശ്വാസസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കാനോ ആയിരുന്നു.

വിശുദ്ധഖുർആൻ അധ്യായം 22-ൽ 40-41 വചനങ്ങളിൽ വളരെ വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളത് 'ആക്രമണകാരികളെ തടുത്തില്ലെങ്കിൽ എല്ലാ ചർച്ചുകളും ജൂതപ്പള്ളികളും അമ്പലങ്ങളും മസ്ജിദുകളും മറ്റു ആരാധനാ സ്ഥലങ്ങളും ഭീഷണിയുടെ നിഴലിലാകുമെന്നായിരുന്നു' എന്നാണ്. എന്നാൽ, മക്കയിലെ അവിശ്വാസികളുടെ ലക്ഷ്യം മതപരമായ എല്ലാ അടയാളങ്ങളും ഭൂമിയിൽനിന്ന് നശിപ്പിക്കുകയെന്നതായിരുന്നു. ഇസ്ലാം മതങ്ങളെ സംരക്ഷിക്കുന്നുവെന്നാണ് ഇത് തെളിയിക്കുന്നത്. പിന്നെ സന്താനങ്ങളെ വളർത്തുന്നതിനെ സംബന്ധിച്ച് വിശുദ്ധഖുർആനിൽ പറയുന്നത് (6-ാം അധ്യായം, സൂക്തം 152) 'മുസ്ലിമീങ്ങൾ സന്താനങ്ങളെ വധിക്കരുത്' എന്നാണ്. ഇത് മുസ്ലിമീങ്ങളെ അനുശാസിക്കുന്നത് കുട്ടികളെ വളരെ സ്നേഹത്തോടും സഹാനുഭൂതിയോടെയും പോറ്റിവളർത്തണമെന്നാണ്. ധാർമികമായി അവരെ മാർഗദർശനം നടത്തുകയും അവർക്ക് വിദ്യാഭ്യാസം നൽകുകയും അവരെ യോഗ്യതയും ധാർമികതയുള്ളവരുമാക്കണമെന്നുമാണ്. അവർ സമുദായത്തിനും രാഷ്ട്രത്തിനും ഒരു ആസ്തിയായിത്തീരണമെന്നാണ്.

അതേപ്രകാരം ഇസ്ലാമിന്റെ അധ്യാപനം ദരിദ്രരുടെ അവകാശങ്ങൾ സംരക്ഷിക്കണമെന്നാണ്. ഉദാഹരണമായി അധ്യായം 4 സൂക്തം 7-ൽ വിശുദ്ധഖുർആൻ മുസ്ലിമീങ്ങൾക്ക് ബാധ്യതയാക്കിയിരിക്കുന്നത് 'അനാഥരെ സംരക്ഷിക്കണ'മെന്നാണ്. അനാഥരെ ചൂഷണം ചെയ്യരുതെന്നും അവരുടെ അനന്തരാവകാശം ഉൽഗ്രഥനത്തോടെ സംരക്ഷിക്കണമെന്നുമാണ്. അവർക്ക് കാര്യങ്ങൾ നോക്കി നടത്താൻ പക്വതയെത്തുന്നതുവരെ അവരുടെ കാര്യങ്ങൾ നോക്കണമെന്നുമാണ്.

അതിലുപരി, പാശ്ചാത്യരാജ്യങ്ങളിൽ പൊതുവിൽ ഉന്നയിക്കപ്പെടുന്ന ആരോപണം മുസ്ലിമീങ്ങൾ തങ്ങളുടെ സ്ത്രീകളെ ബഹുമാനിക്കുന്നില്ലെന്നും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നില്ലെന്നുമാണ്. ഒന്നാമതായി, നാം ശ്രദ്ധിക്കേണ്ട കാര്യം ഇസ്ലാമാണ് സ്ത്രീകൾക്ക് അനന്തരാവകാശം അനുവദിച്ച ആദ്യമതം എന്നാണ്. വിവാഹമോചനവും മറ്റവകാശങ്ങളും അനുവദിച്ചത് ഇസ്ലാമാണ്. അതുകൂടാതെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നല്കേണ്ടതിന്റെ പ്രാധാന്യത്തെ ഊന്നിപ്പറഞ്ഞതും ഇസ്ലാമാണ്. അവർക്ക് വ്യക്തിപരമായ വളർച്ചക്കും വികസനത്തിനും അവസരങ്ങൾ നല്കണമെന്ന് പഠിപ്പിച്ചതും ഇസ്ലാമാണ്.

ഒരൊറ്റ പെൺകുട്ടിക്കോ സ്ത്രീക്കോ വിദ്യാഭ്യാസം നിരാകരിക്കുകയോ അവരോട് വിവേചനം കാണിക്കുകയോ ചെയ്യരുത്.

സ്ത്രീകളുടെയും പെൺകുട്ടികളുടെയും അവകാശങ്ങൾ അവഗണിക്കപ്പെട്ട ഒരു കാലഘട്ടത്തിൽ അവർ ആൺകുട്ടികളേക്കാൾ താഴ്ന്നവരായി ഗണിക്കപ്പെട്ടപ്പോൾ ഇസ്ലാമിന്റെ പ്രവാചകൻ(സ.അ) പ്രതിവചിച്ചു. "സ്വർഗം മാതാവിന്റെ കാൽക്കീഴിലാണ് സ്ഥിതിചെയ്യുന്നത്' എന്ന്. ഈ വാക്കുകൾ സ്ത്രീകൾ സമൂഹത്തിൽ വഹിക്കുന്ന ഗൗരവാവഹമായ പങ്കാണ് തെളിയിക്കുന്നത്. അവരുടെ അതുല്യവും പ്രശസ്തവുമായ പദവിയാണ് ചൂണ്ടിക്കാട്ടുന്നത്.

പ്രധാനമായും മാതാക്കളാണ് ശിശുക്കളുടെ ചെറുപ്രായത്തിൽ അവരെ പോഷണം നടത്തേണ്ടത്. അതുകൊണ്ട് അവർ മുഖ്യമായ പങ്കുവഹിക്കുന്നു. വരാൻപോകുന്ന തലമുറ ധാർമികമായി ഉയരുന്ന പൗരന്മാരാണെന്ന് അവർ ഉറപ്പുവരുത്തണം. അവർ സമൂഹത്തിന് തങ്ങളുടെ സംഭാവനകൾ നല്കുകയും വേണം.

തങ്ങളുടെ രാഷ്ട്രത്തെ ഭൂമിയിലെ സ്വർഗമായി മാറ്റാനുള്ള കഴിവും സ്വാധീനവും നിക്ഷിപ്തമായിരിക്കുന്നത് മാതാക്കളിലാണ്. അവരുടെ മക്കൾക്ക് ശാശ്വതമായ സ്വർഗത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കേണ്ടത് മാതാക്കളാണ്.

അതിലുപരി, വിശുദ്ധഖുർആൻ അധ്യായം 4, 20-ാം സൂക്തത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത് മുസ്ലിം പുരുഷന്മാർ തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണമെന്നാണ്. പാശ്ചാത്യരാജ്യങ്ങളിൽ ഒരു ദിവസംപോലും ഗാർഹികപീഢനത്തിന്റെ പേരിൽ പോലീസും കോടതികളും ഇടപെടുന്നതിന്റെ റിപ്പോർട്ടുകൾ ഇല്ലാതെ പോകുന്നില്ല. വിവിധ പഠനങ്ങളും റിപ്പോർട്ടുകളും 2018ലെ ഓഫീസ് ഫോർ നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഇൻ ദി യുകെ പോലുള്ള റിപ്പോർട്ടുകൾ തെളിയിക്കുന്നത് അത്തരം കുറ്റങ്ങൾ ഒരു മതവുമായി ബന്ധപ്പെട്ടതല്ലെന്നാണ്. ഈയിടെയുള്ള ഒരു റിപ്പോർട്ട് കാണിക്കുന്നത് ജർമനിയെ സംബന്ധിച്ച് അത് സത്യമാണെന്നാണ്. അതുകൊണ്ട് ഇസ്ലാമിനെ ഒരു സ്ത്രീവിദ്വേഷമതമായി മുദ്രകുത്തുന്നത് തികച്ചും അന്യായമാണ്.

ഞാൻ പറഞ്ഞപ്രകാരം സ്ത്രീകൾക്ക് ആദരവും അന്തസ്സും നൽകുന്ന മതമാണ് ഇസ്ലാം. സ്ത്രീകളോടു ക്രൂരമായി പെരുമാറുന്ന പുരുഷൻ ഇസ്ലാമികാധ്യാപനങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നത് കാരണമായി കുറ്റവാളിയാണ്. മറ്റുള്ളവരുടെ മതവികാരങ്ങളെയും വിശ്വാസങ്ങളെയും ബഹുമാനിക്കണമെന്ന് ഇസ്ലാം അതിന്റെ അനുയായികളോട് ആവശ്യപ്പെടുന്നു. ഈ അധ്യാപനത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് 'മദീനകരാർ'. അതിൽ തൗറാത്തിനെ ജൂതന്മാരുടെ ശരീഅത്തുഗ്രന്ഥമായി അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തു.

ഒരു വ്യക്തിയുടെ ശത്രുക്കളുടെയും എതിരാളികളുടെയും അവകാശങ്ങൾപോലും ഇസ്ലാം അംഗീകരിക്കുന്നു. വിശുദ്ധഖുർആൻ അധ്യായം 2, സൂക്തം 191 പ്രകാരം പ്രസ്താവിക്കുന്നത് ഒരു ശത്രുവിനോടുപോലും അന്യായവും അതിലംഘനവും പാടില്ലെന്നാണ്. യുദ്ധകാലങ്ങളിൽപോലും ഇതുപാടില്ല. വ്യസനകരമെന്നു പറയട്ടെ, ഇന്നത്തെ ലോകത്ത് അഭിമാനപൂർവ്വം തങ്ങൾ കൂടുതൽ നാഗരികതയും സംസ്കാരവുമുണ്ടെന്നു വീമ്പിളക്കുന്ന ഇക്കാലത്ത് വ്യക്തികളും രാജ്യങ്ങളും എതിരാളികളുടെ അവകാശങ്ങളെ അവഗണിക്കുന്നു. അതിക്രൂരത കാണിക്കുകയും പ്രതികാരത്തിനുള്ള ഒരവസരവും പാഴാക്കാതിരിക്കുകയും ചെയ്യുന്നു. വിശുദ്ധഖുർആൻ അധ്യായം 5, 9-ാം സൂക്തത്തിൽ സർവ്വശക്തനായ അല്ലാഹു പ്രഖ്യാപിച്ചിരിക്കുന്നത് 'ഒരു ജനതയ്ക്ക് നിങ്ങളോടുള്ള വിരോധം അവരോട് അനീതി കാണിക്കാൻ പ്രേരിപ്പിക്കരുത്'എന്നാണ്. മറിച്ച്, ഇസ്ലാം പഠിപ്പിക്കുന്നത് ഏതു സാഹചര്യത്തിലും എത്രമാത്രം വെല്ലുവിളിയുയർത്തുന്നതായാലും നിങ്ങൾ നീതിയുടേയും ഉൽഗ്രഥനത്തിന്റെയും തത്ത്വങ്ങളിൽ ഉറച്ചുനിൽക്കണമെന്നും ഒരിക്കലുംതന്നെ പ്രതികാരം ചെയ്യാൻ ഒരുമ്പെടരുതെന്നുമാണ്.

ഈ മഹത്തായ അധ്യാപനത്തിന്റെ ഫലമായി അനുഗ്രഹത്തിന്റേയും സഹാനുഭൂതിയുടേയും കാരുണ്യത്തിന്റേയും തുല്യതയില്ലാത്ത ഉദാഹരണമാണ് മക്കാവിജയസമയത്ത് വിശുദ്ധപ്രവാചകൻ മുഹമ്മദ്(സ)പ്രദർശിപ്പിച്ചത്.

മക്കയിൽ മുസ്ലിമീങ്ങൾ കൊല്ലപ്പെടുകയും മർദിക്കപ്പെടുകയും അവസാനം അവർ സ്വഗൃഹങ്ങളിൽനിന്ന് ആട്ടിയോടിക്കപ്പെടുകയും ചെയ്യപ്പെട്ടപ്പോൾ അവർ പലായനം ചെയ്തു.

എന്നിട്ടും ജേതാവായി അദ്ദേഹം മക്കയിലേ ക്ക് തിരിച്ചുവന്നപ്പോൾ മുഴുവൻ പട്ടണവും അദ്ദേഹത്തിന്റെ ആജ്ഞക്ക് കീഴിലായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ആദ്യത്തെ പ്രഖ്യാപനം മുസ്ലിമീങ്ങളെ ക്രൂരമായി മർദിച്ചവരോട് ഒരു പ്രതികാരവും ചെയ്യില്ലെന്നായിരുന്നു.

ആ വിജയനിമിഷത്തിൽ വിശുദ്ധപ്രവാചകൻ മുഹമ്മദ്(സ.അ) പരമമായ വിനയവും ക്ഷമയുമാണ് പ്രകടിപ്പിച്ചത്.

ഇസ്ലാമികാധ്യാപനമനുസരിച്ച് മുസ്ലിമീങ്ങളെ പീഢിപ്പിച്ചവർക്ക് ഉടൻതന്നെ മാപ്പു നല്കുമെന്നാണദ്ദേഹം പ്രഖ്യാപിച്ചത്. **തുടരും**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin